# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കല്ലിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം /ജി.പി 5/144/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 04/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം /ജി.പി 5/144/2023 തീയ്യതി: 04/03/2023

## തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-01-2023 | 19-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-01-2023 | 19-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലക്ഷ്മി.വി.എസ്.നായർ (ഓഡിറ്റ് ഓഫീസർ)
ശ്രീമതി ബിന്ദുലത.ബി.പി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി പ്രീതാ ജാസ്മിൻ ഡി. **ആർ**, (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.ദിനു.റ്റി.എസ് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.കെ.ചന്തു കൃഷ്ണ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അനുസചേതനൻ.വി.എസ് | സെക്രട്ടറി | 01-04-2021 | 03-11-2021 |
| ശ്രീമതി മൃദുല.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-11-2021 | 26-12-2021 |
| ശ്രീ.എം.ജയകുമാർ | സെക്രട്ടറി | 27-12-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ഗോപകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 11-07-2021 |
| ശ്രീമതി മൃദുല.എ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 12-07-2021 | 31-03-2022 |
| ശ്രീമതി പ്രിയങ്ക.വി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.സുനിത | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.രാജശേഖരൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ.അലി ഷേക്ക് മൻസൂർ.എച്ച് | ഹെഡ്മാസ്റ്റർ, നേമം യു.പി.സ്കൂൾ | 01-04-2021 | 31-03-2022 |
| ശ്രീമതി നിഷ വൽസലൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീവിദ്യ റാണി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ആശ.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 14-09-2021 |
| ശ്രീമതി ഷാനി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15-09-2021 | 31-03-2022 |
| ശ്രീമതി ജീന.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 07-09-2021 |
| ശ്രീ.അൻസി ഹലിം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 08-09-2021 | 31-03-2022 |
| ശ്രീമതി അശ്വതി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-2 |
| 3 | ഗ്രാന്റ് യൂട്ടിലൈസേഷൻ | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമ പദ്ധതികൾ | 1-5 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. | 1-5-1 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | മൊബൈൽ ടവറുകളിൽ നിന്നുള്ള നികുതി കൃത്യമായി ഈടാക്കേണ്ടതാണ്. | 1-10 |
| 12 | റേഷൻകടകളിൽ നിന്നും FACTEOS ലൈസൻസ്,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല | 1-11 |
| 13 | ലേലം - രേഖകൾ ഹാജരാക്കിയില്ല. | 1-12 |
| 14 | ലൈസൻസ് രജിസ്റ്ററിലെ സ്ഥാപനങ്ങളെല്ലാം ഡേഞ്ചേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. | 1-13 |
| 15 | ഡേഞ്ചേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. | 1-14 |
| 16 | നിയമാനുസൃത മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല | 1-15 |
| 17 | ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ വിവിധ പദ്ധതികൾ പൂർത്തിയാക്കാതെ അവശേഷിക്കുന്നു-പദ്ധതി വിഹിതം പാഴാകുന്നു. | 1-16 |
| 18 | ദുരിതാശ്വാസ നിധിയുടെ വരവു ചെലവു രേഖകൾ ലഭ്യമായില്ല | 1-17 |
| 19 | രേഖകൾ ലഭ്യമാക്കാതെ നിർജീവ അക്കൗണ്ടുകൾ അവസാനിപ്പിച്ചതായി രേഖപ്പെടുത്തി. | 1-18 |
| 20 | ബാധ്യതാ ഹെഡിലെ തുകകൾ ഒടുക്കാതെ തനത് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു. | 1-19 |
| 21 | 1.09 കോടിയുടെ മുൻകുറുകൾ ക്രമീകരിക്കാനവശേഷിക്കുന്നു. | 1-20 |
| 22 | റിസ്റ്റോറേഷൻ ചാർജ്ജ്-വരവു രേഖകൾ പരിശോധനക്കു ലഭ്യമായില്ല. | 1-21 |
| 23 | ആസ്തി രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-22 |
| 24 | പ്രവൃത്തിയിൽ നിന്നും പിൻവാങ്ങിയ കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല | 1-23 |

| | | |
|---|---|---|
| 25 | മരാമത്ത് പ്രവൃത്തികൾക്ക് മത്സര സ്വഭാവമുള്ള ബിഡുകൾ ലഭിക്കുന്നില്ല | 1-24 |
| 26 | 2018-19 ലെ പദ്ധതി 3 വർഷമായി സ്പിൽ ഓവർ അനുമതി നേടി നടപ്പാക്കി. | 1-25 |
| 27 | നികുതി ഒടുക്കുന്നതിനും, റിട്ടേണുകൾ ഫയൽ ചെയ്യുന്നതിലും ഉണ്ടായ കാലതാമസത്തിനുള്ള പിഴ തനതു ഫണ്ടിൽ നിന്നും അനുവദിച്ചു. -3650/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല | 1-26 |
| 28 | അസിസ്റ്റന്റ് എഞ്ചിനീയറുടെ റ്റി.എസ്.ബി. അക്കൗണ്ടിലെ നീക്കിയിരിപ്പ് ഏതിനത്തിലേതെന്ന് വ്യക്തമല്ല | 1-27 |
| 29 | ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾ | 1-28 |
| 30 | ഡിമാന്റ് ഡ്രാഫ്റ്റുകൾ പണമാക്കിയിട്ടില്ല | 1-29 |
| 31 | അംഗീകരിച്ച പദ്ധതിയിൽ നിന്നും വ്യതിചലിച്ച് തുക ചെലവഴിച്ചു. | 1-30 |
| 32 | വാങ്ങലുകളുടെ പരസ്യം വെബ്സൈറ്റുകളിൽ നൽകുന്നില്ല. | 1-31 |
| 33 | എം.ഐ.എസ്-ൽ ഫോട്ടോ അപ്‌ലോഡ് ചെയ്യുന്നില്ല. | 1-32 |
| 34 | ടെണ്ടർ ഫോറവില നേരിട്ട് ഫ്രണ്ട് ഓഫീസിൽ അടവാക്കുന്നില്ല | 1-33 |
| 35 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4.10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള വിവിധ പിൻവലിക്കലുകളുമായി ബന്ധപ്പെട്ട ചെലവു | |

| | |
|---|---|
| | രേഖകൾ/വൗച്ചറുകൾ പരിശോധനക്ക ലഭ്യമായില്ല |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 22.02.2021 തീയതിയിലെ 1(2) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് 1308069/- രൂപയും പ്രതീക്ഷിത വരവ് 281578769/-, പ്രതീക്ഷിത ചെലവ് 280266592/- രൂപയും നീക്കിയിരിപ്പ് 2620246/-രൂപയുമായുള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്.

ബജറ്റ് നിയന്ത്രണം ഫലപ്രദമല്ല.

സ.ഉ.(സാധാ) നം.3291/2016 തസ്വഭവ തീയതി 02.12.2016ൽ നിർദ്ദേശിച്ച പ്രകാരം ബജറ്റ് നിയന്ത്രണത്തിനോ, പ്രതിമാസ ബജറ്റ് വിലയിരുത്തലിനോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി / ഭരണസമിതി തീരുമാനങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. പ്രതീക്ഷിത വരവ് ചെലവുകളിൽ വ്യത്യാസം ആവശ്യമായപ്പോൾ ഇതിലേക്കായി ബജറ്റ് പുതുക്കുകയോ, അനുപൂരക ബജറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

എ) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (6), (8) പ്രകാരം ബജറ്റ് പ്രകാരം വകയിരുത്തിയതിലുമധികമായി ചെലവുകൾ ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമപഞ്ചായത്ത് വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി തുക ചെലവു ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇൻകം & എക്സ്പന്റിച്ചർ പ്രകാരം | റിവൈസ്ഡ് ബജറ്റ് പ്രകാരം |
|---|---|---|
| 2101001 ശമ്പളം | 11654308 | 10436500 |
| 2105001 പ്രൊവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ | 159670 | വകയിരുത്തിയിട്ടില്ല |
| 2301101 വാട്ടർ ചാർജ്ജ് | 1079000 | 720000 |

ബി) കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 214, കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 72,73,74 എന്നിവ അനുസരിച്ച് ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് വരുത്താൻ പാടില്ല. അങ്ങനെ ചെയ്യേണ്ടി വരുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പാസ്സാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ബജറ്റ് പുതുക്കിയിട്ടുണ്ടെങ്കിലും ചെലവുകൾ പുതുക്കിയ ബജറ്റിലും അധികമായി.

ബജറ്റ് തയ്യാറാക്കുന്നതിലും ചെലവുകൾ നിയന്ത്രിക്കുന്നതിലും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി |
|---|---|
| 31.7.2022 | 13.10.2022 |

1) ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents ുമായി പൊരുത്തപ്പെടുന്നില്ല.

3) സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2022 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് ഉടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4) 2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ,

62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

5) ക്യാപിറ്റൽ കോൺട്രിബ്യൂഷൻ (ബി3 തൻവർഷം 84394090)- (ബി3 മുൻവർഷം 83161317) എന്നത് തൻ വർഷ ആസ്തി (ആർ പി 38 – 7565560) യുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം തനതു ഫണ്ട് ഉപയോഗിച്ച പൂർത്തീകരിക്കുന്ന ആസ്തികൾക്ക് ആനുപാതികമായ തുക ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റാത്തതിനാലാണ് എന്ന് അറിയിക്കുകയുണ്ടായി. എന്നാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ, തനതു ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച ആസ്തികളുടെ വിവരം എന്നിവ ലഭ്യമാക്കിയില്ല.

6) വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല.

7) ഡെപ്പോസിറ്റ്സ് റിസീവ്ഡ് മുൻവർഷ നീക്കിയിരുപ്പ് (ബി 7 - 1236648)+ തൻവർഷ വരവ് (ആർ.പി. 34- 449675) – തൻ വർഷ ചെലവ് (ആർ.പി. 34 – 136682) എന്നത് തൻവർഷ നീക്കിയിരിപ്പ് (ബി7 – 1530341) മായി പൊരുത്തപ്പെടുന്നില്ല. ഇത് ഡെപ്പോസിറ്റ് സ്വീകരിച്ച തുക ലേല തുകയിൽ അഡ്ജസ്റ്റ് ചെയ്തതിനാലാണ് എന്ന മറുപടി നൽകിയെങ്കിലും, വിശദാംശങ്ങൾ ലഭ്യമായില്ല.

8) മുൻ വർഷ ആകെ ആസ്തികൾ (ബി11 – 108468717) + തൻ വർഷ ആസ്തികൾ (ആർ.പി.38 – 7565560) എന്നത് തൻവർഷത്തെ ആകെ ആസ്തികളുമായി (ബി11 – 119077610) മായി പൊരുത്തപ്പെടുന്നില്ല.

9) സഞ്ചയ ഡി.സി.ബി. സ്റ്റേറ്റ്മെന്റ്, വാടക രജിസ്റ്റർ തുടങ്ങിയവ ലഭ്യമായില്ല. ആയതിനാൽ ഈയിനങ്ങളിലെ ഡിമാന്റ് - കളക്ഷൻ- ബാലൻസ് തുകകൾ പൊരുത്തപ്പെടുത്താനായില്ല.

10) വിവിധ വരവുകളുടെ രജിസ്റ്ററിൽ തൻ വർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിശദാംശങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| വരവിനം | ഇൻകം&എക്സ്പന്റിച്ചർ പ്രകാരം ഡിമാന്റ് |
|---|---|
| തൊഴിൽ നികുതി ജീവനക്കാർ | 2482500 |
| തൊഴിൽ നികുതി വ്യാപാര സ്ഥാപനങ്ങൾ | 760850 |
| ലൈസൻസ് ഫീ | 268370 |
| മാർക്കറ്റ് വരവ് | 44370 |

11) തൊഴിൽ നികുതി ജീവനക്കാർ ഡിമാന്റ് തുക ഇൻകം & എക്സ്പന്റിച്ചർ പ്രകാരം 2482500/- രൂപയും, റസീറ്റ്സ് & പേമെന്റ്സ് പ്രകാരം 24,62,500/- രൂപയുമാണ്. വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.

12) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരിപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് ഇപ്രകാരം ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല. 15.11.2021 മുതൽ മാത്രമാണ് ക്യാഷ് ബുക്ക് സമ്മറി വിവരങ്ങൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത്.

13) വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ (മുൻകൂർ ഉൾപ്പെടെ) | ബാലൻസ് |
|---|---|---|---|
| പ്രോപ്പർട്ടി ടാക്സ് (കറന്റ്) | 3639201 | 2598364+17963 | 1074018 |
| പ്രോപ്പർട്ടി ടാക്സ് നോൺ | 2221302 | 1520158 | 736170 |

| | | | |
|---|---|---|---|
| റസിഡൻഷ്യൽ (കറന്റ്) | | | |
| പ്രോപ്പർട്ടി ടാക്സ് (അരിയർ) | 2268128.45 | 969640 | 1229955.45 |
| പ്രോപ്പർട്ടി ടാക്സ് നോൺ റസിഡൻഷ്യൽ (അരിയർ) | 1832131 | 939735 | 872950 |

14) വാർഷിക കണക്കുകൾ ആർ. പി. 7,31 ഷെഡ്യൂളുകൾ പ്രകാരം കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ് ഇനത്തിലെ വരവ് 12786893/- രൂപയും, സുലേഖ പ്രകാരമുള്ള ചെലവ് 12225783/- രൂപയുമാണ്. എന്നാൽ പ്രസ്തുത ഫണ്ടിന്റെ നീക്കിയിരിപ്പ് ആർ.പി. 40(ബി) പ്രകാരം 28,14,660/- രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

15) റസീറ്റ്സ്& പേമെന്റ്സ് (ആർ.പി. 32) പ്രകാരം ലൈഫ് തൻവർഷ വായ്പ്പാ തുക 12,00,000/- രൂപ ആണ്. എന്നാൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം തൻ വർഷം ലൈഫ് പദ്ധതിക്കായി വായ്പ ലഭ്യമായിട്ടില്ല.

16) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം ബാങ്ക് ബുക്കുകൾ ട്രഷറി/ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഓരോ മാസവും പൊരുത്തപ്പെടുത്തി അക്കൗണ്ടിന്റെ യഥാർത്ഥ നീക്കിയിരിപ്പിലെത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് അക്കൗണ്ടുകളുടെ പാസ്സ്ബുക്ക്, ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തിയിട്ടില്ല.

17) എല്ലാ ചെലവുകൾക്കും സാംഖ്യയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. എല്ലാ ചെലവുകളുടെയും വൗച്ചറുകൾ പരിശോധനക്ക് ലഭ്യമായില്ല. ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾക്ക് ഖണ്ഡിക 1-28 കാണുക.

18) പദ്ധതി തുകയുടെ ചെലവ് വിശദാംശങ്ങൾ വാർഷിക കണക്കുകളും, സുലേഖ ചെലവ് പത്രികയും, എ.സി.ആർ. ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | വാർഷിക കണക്കുകൾ (ആർ.പി. പ്രകാരം) | സുലേഖ പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 22555377 | 26332377 | 22568119 |
| വികസന ഫണ്ട് എസ്.സി.പി. | 12293973 | 13056640 | 12293973 |

19) ജി.എസ്.ടി. നികുതി ഇനത്തിലെ വരവ്, ഒടുക്ക് വിശദാംശങ്ങൾ പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | തൻ വർഷം ലഭിച്ചത് (ആർ.പി. പ്രകാരം) | തൻവർഷം ഒടുക്കിയത് (ആർ.പി. പ്രകാരം) | വർഷാവസാനം ഒടുക്കുവാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 350300110 സി.ജി.എസ്.ടി. | 40129 | 13751 | 19624 | 36164 |
| 350300111 എസ്.ജി.എസ്.ടി. | 40129 | 13751 | 19624 | 36164 |
| 350300113 റ്റി.ഡി.എസ്. സി.ജി.എസ്.ടി. | 458 | 0 | 22019 | 0 |
| 350300114 റ്റി.ഡി.എസ്. എസ്.ജി.എസ്.ടി. | 458 | 0 | 22019 | 0 |
| ആകെ | 81174 | 27502 | 83286 | 72328 |

20) ഇ ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിനു ലഭ്യമാകേണ്ട തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 ഗ്രാന്റ് യൂട്ടിലൈസേഷൻ

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22569000 | 22569000 | 26332377 | -376337 | 117 |
| വികസനഫണ്ട് എസ്.സി.പി. | 0 | 12942333 | 12942333 | 13056640 | -11430 | 101 |
| സി.എഫ്.സി. ടൈഡ് | 0 | 11996398 | 11996398 | 7301347 | 469505 | 61 |
| സി.എഫ്.സി. അൺടൈഡ് | 0 | 6322274 | 6322274 | 4924436 | 139783 | 78 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 10387586 | 10387586 | 9127404 | 126018 | 88 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13104000 | 13104000 | 11218147 | 188585 | 86 |

* വികസനഫണ്ട് അലോട്ട്മെന്റിൽ നിന്നും ലൈഫ് വായ്പ (3006667രൂപ), അങ്കണവാടി ജീവനക്കാർക്കുള്ള ഓണറേറിയം (1533000/-രൂപ) എന്നീയിനങ്ങളിലെ തുക സ്രോതസ്സിൽ നിന്നും കുറവു ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്നതുക ഗ്രാമപഞ്ചായത്ത് പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് വരവു രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിലുമധികം ചെലവു രേഖപ്പെടുത്തിയിരിക്കുന്നു.

** വിവിധ ഫണ്ടുകളുടെ വരവുകൾ സർക്കാർ അനുവദിച്ച തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | സർക്കാർ ഉത്തരവുകൾ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 22569000 | 27486830 |
| വികസനഫണ്ട് (എസ്.സി.പി) | 12942333 | 15485588 |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 32100 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 13104000 | 13104877 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 10387586 | 10426695 |

*** സി.എഫ്.സി. ടൈഡ്, അൺടൈഡ് ഫണ്ടുകളുടെ വർഷാവസാന നീക്കിയിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ 6,09,288/- രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ ആർ.പി.40(ബി) പ്രകാരം സി.എഫ്.സി. പി.എഫ്.എം.എസ്. അക്കൗണ്ടിലെ നീക്കിയിരിപ്പ് 28,14,660/- രൂപയാണ്.

**** കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3-1 സംയുക്ത പ്രോജക്ടുകൾ-ഫണ്ട് വിനിയോഗം-അപാകങ്ങൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. മേൽ നിർദ്ദേശം പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിലനിർത്തി പോരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | തൻവർഷ വരവ് | തൻവർഷ ചെലവ് (സുലേഖ) | വർഷാവസാന നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 445881 | 1003375 | 1109625 | 339631 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3083209 | 2824750 | 2294750 | 3613209 |

| | | | | |
|---|---|---|---|---|
| മുനിസിപ്പൽ കോർപ്പറേഷൻ വിഹിതം | 0 | 1600000 | 0 | 1600000 |

കൂടാതെ, 30.09.2021 ലെ നം. 86/2021/ധന സർക്കുലറിലൂടെ 2021-22 സാമ്പത്തിക വർഷത്തിൽ സംയുക്ത പദ്ധതികളുടെ തുക നിക്ഷേപിക്കുന്നതിനായി ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കണമെന്നും, 31.03.2022 തീയതിയിൽ പ്രസ്തുത അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഫണ്ട് ലഭ്യമായ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തന്നെ തിരികെ ഒടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഒരു കാരണത്താലും ടി തുക അടുത്ത സാമ്പത്തിക വർഷത്തിലേക്ക് വകയിരുത്താവുന്നതല്ലായെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കുകളിൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരം ട്രഷറി ജോയിന്റ് വെൻച്വർ അക്കൗണ്ട് ആരംഭിച്ചതായി കാണുന്നില്ല. സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുക ഏതൊക്കെ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട് എന്നതും വ്യക്തമല്ല. തുക നീക്കിയിരിപ്പായി അവശേഷിക്കുന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/12.01.2023) മറുപടി ലഭ്യമാക്കിയില്ല. പരാമർശത്തിനു മറുപടി ലഭ്യമാക്കേണ്ടതാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക അടിയന്തിരമായി ബന്ധപ്പെട്ട ഫണ്ടിന്റെ ഹെഡിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

1-3-2 വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ തുക ചെലവഴിക്കാതെ തനതു അക്കൗണ്ടുകളിൽ നിലനിറുത്തിയിരിക്കുന്നു.

വിവിധ ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിനു ലഭ്യമായ തുക ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ വിവിധ തനതു അക്കൗണ്ടുകളിലായി നിലനിറുത്തിയിരിക്കുന്നു. വാർഷിക കണക്കുകൾ ബി4 ഷെഡ്യൂളിൽ ഇപ്രകാരം നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | നീക്കിയിരുപ്പ് തുക |
|---|---|
| 320200201 Fund For Transferred Institutions-Agriculture- Capital | 39620 |
| 320200315 Local Area Development Fund For Members Of Parliament | 92483 |
| 320300199 Grants, Funds & Contributions For Specific Purposes - Other Government Agencies | 1718450 |
| 320400199 Grants, Funds & Contributions For Specific Purposes - Other Financial Institutions | 200000 |
| 320800101 Beneficiary Contributions | 668023 |
| 320800199 Other Grants, Funds & Contributions For Specific Purposes -Capital | 520838 |

തുകകൾ എന്തു ആവശ്യത്തിനു ലഭ്യമായതാണെന്നും ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായതാണെന്നും തുക ചെലവഴിക്കാതെ നീക്കിയിരിപ്പായി നിലനിറുത്തിയിട്ടുള്ളതിനുള്ള കാരണവും വ്യക്തമല്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/11.01.2023) മറുപടി ലഭ്യമാക്കിയില്ല. തുകകൾ എന്തു ആവശ്യത്തിനു ലഭ്യമായതാണെന്നു പരിശോധിച്ചുറപ്പാക്കേണ്ടതും, വിനിയോഗിക്കുവാൻ സാധിക്കാത്ത തുകകൾ അടിയന്തിരമായി ബന്ധപ്പെട്ട വ്യക്തികൾ/ഏജൻസികൾക്ക് തിരികെ നൽകേണ്ടതുമാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 257 | 195370790 | 204 | 91708037 | -- | 53 | 79 |

(എ) തൻ വർഷം നടപ്പാക്കുന്നതിന് 257പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 204എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആകെ വകയിരുത്തിയ തുകയുടെ 47% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

(ബി) 53 പദ്ധതികൾ നടപ്പാക്കാത്തതിൽ 9 സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടുന്നു. സ്പിൽ ഓവർ ആയ വർഷം തന്നെ പദ്ധതി പൂർത്തീകരിക്കേണ്ടതാണെന്ന പദ്ധതി മാർഗ്ഗരേഖ നിർദേശം പാലിച്ചിട്ടില്ല.

## 1-5 ക്ഷേമ പദ്ധതികൾ

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3068700 | 190 |
| വിധവാ പെൻഷൻ | 24944400 | 1601 |
| വാർധക്യകാല പെൻഷൻ | 49851800 | 3256 |
| വികലാംഗ പെൻഷൻ | 7754500 | 462 |
| വിവാഹ ധനസഹായം | 690000 | 23 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 960000 | 60 |

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ഏതാനും മരണ രജിസ്ട്രേഷൻ അപേക്ഷകൾ സേവന സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ പെൻഷൻ വാങ്ങിയിരുന്ന വ്യക്തികൾക്ക് മരണപ്പെട്ടതിന് ശേഷവും പെൻഷൻ നല്കിയിരിക്കുന്നതായി കണ്ടെത്തി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ.ഡി. | പെൻഷൻ തരം | മരണപ്പെട്ട തീയതി | അധികം നൽകിയ കാലയളവ് | അധികം നൽകിയ തുക | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|---|---|---|
| 1 | ഹംസത് ബീവി | 102680600789 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 16.12.2020 | 01/2021 മുതൽ 11/2022 വരെ | 36500 | ആക്ടീവ് |
| 2 | ലളിതാഭായ് | 102430201557 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 19.05.2021 | 06/2021 മുതൽ 11/2022 വരെ | 28800 | ആക്ടീവ് |
| 3 | രാജപ്പൻ നായർ | 102770200872 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 31.05.2021 | 06/2021 മുതൽ 09/2021 വരെ | 6400 | സസ്പെൻഡ് |
| 4 | മോഹനൻ പി | 102820202473 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10.06.2021 | 07/2021 മുതൽ 11/2022 വരെ | 27200 | ആക്ടീവ് |
| 5 | കൃഷ്ണമ്മ പി | 102820601157 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 19.06.2021 | 07/2021 മുതൽ 08/2021 വരെ | 3200 | സസ്പെൻഡ് |
| 6 | ബേബി എൽ | 101670252217 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28.04.2021 | 05/2021 മുതൽ 06/2021 വരെ | 3200 | സസ്പെൻഡ് |
| 7 | രുഗ്മിണി | 103200600511 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷന് | 17.02.2021 | 03/2021 മുതൽ 05/2021 വരെ | 4700 | സസ്പെൻഡ് |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | ധർമ്മരാജൻ എസ് | 102820201335 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.06.2021 | 07/2021 മുതൽ 09/2021 വരെ | 4800 | സസ്പെൻഡ് |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ധനകാര്യവകുപ്പിന്റെ 05.11.2020-ലെ സർക്കുലർ നമ്പർ 67/2020 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്കു മുമ്പ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് മരണപ്പെട്ട/ അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ് എന്ന് 02.08.2021-ലെ സർക്കുലർ നമ്പർ 63/2021-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 17/17-01-2023), മരണപ്പെട്ട വ്യക്തികളുടെ അക്കൗണ്ടിൽ നിക്ഷേപിച്ച തുക തിരികെ അടവാക്കാൻ ബന്ധപ്പെട്ട ബാങ്ക് മാനേജർ മാർക്ക് കത്ത് നല്കിയിട്ടുള്ളത് ഹാജരാക്കുകയും, മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ അതാത് തദ്ദേശ പരിധി റിമാർക്കിൽ രേഖപ്പെടുത്തിയതായും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതാണ്. മരണപ്പെട്ട മുഴുവൻ പേരെയും പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കി തുടർ നടപടികൾ സ്വീകരിച്ച് പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-01-2023 തീയതിയിൽ 2.35 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5497/-(അയ്യായിരത്തി നാനൂറ്റി തൊണ്ണൂറ്റിയേഴ്) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ട വിഷയങ്ങൾ താഴെ പറയുന്നു.

1) ഓഫീസ് ജോലി വിഭജനത്തിനനുസരിച്ച് കൃത്യമായി പ്രവർത്തനങ്ങൾ വിലയിരുത്തി റിവ്യൂ നടത്തേണ്ടതുണ്ട്.

2) വാർഷിക ധനകാര്യപത്രിക, ബജറ്റ് എന്നിവ അപാകങ്ങൾ ഒഴിവാക്കി തയ്യാറാക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ്, ചെലവുകൾ ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയെഷൻ നടത്തിയിട്ടില്ല. കൂടാതെ, ചെലവ് വൗച്ചറുകളും, രേഖകളും യഥാവിധി സൂക്ഷിക്കുന്നില്ല. 17.08.2021 മുതലുള്ളതും, അപൂർണമായതുമായ ബിൽ രജിസ്റ്ററാണ് പരിശോധനയ്ക്കു ലഭ്യമായത്. ഓരോ ദിവസത്തെയും ക്യാഷ് ബാലൻസ് രേഖപ്പെടുത്തി ക്യാഷ്ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൊഴിൽ നികുതി, വസ്തുനികുതി, ലൈസൻസുകൾ, ലേലം, വാടക എന്നിവയുടെ വരവുകൾ ഉൾപ്പെട്ട രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. തൊഴിൽ നികുതി ഒടുക്കു വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ കൃത്യത പാലിക്കേണ്ടതാണ്. വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുകയും ലൈസൻസ് രജിസ്റ്ററിലെ എല്ലാ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതായി ഉറപ്പുവരുത്തേണ്ടതുമാണ്. തനതു വരുമാന ശേഖരണം കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9087 | 918200 | 927287 | 894011 | 3327645 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 50523124 | 50523124 | 50523124 | 0 |
| ആകെ | 9087 | 51441324 | 51450411 | 51417135 | 33276 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-8-2022 | | റിപ്പോർട്ട് നല്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | 2013-18 | 30.4.2019 |

## 1-10 മൊബൈൽ ടവറുകളിൽ നിന്നുള്ള നികുതി കൃത്യമായി ഈടാക്കേണ്ടതാണ്.

സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. വസ്തു നികുതി, ലൈബ്രറി സെസ്സ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടയുള്ള തുകയാണ് അടവാക്കുവാനുള്ള തുകയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| കെട്ടിട നം | ഉടമസ്ഥന്റെ പേര് വിവരം | അടവാക്കേണ്ട കാലയളവ് | അടവാക്കുവാനുള്ള തുക |
|---|---|---|---|
| 3/637 | Principal General Manager, Telecom District, BSNL | 2013-14-1st Half& 11nd Half<br>2014-15-1st Half& 11nd Half<br>2015-16-1st Half& 11nd Half<br>2016-17-1st Half& 11nd Half<br>2017-18-1st Half& 11nd Half<br>2018-19-1st Half& 11nd Half<br>2019-20-1st Half& 11nd Half<br>2020-21-1st Half& 11nd Half<br>2021-22-1st Half& 11nd Half | 64863/- |
| 19/641 | Idea Mobile Communication Ltd. | 2018-19-1st Half& 11nd Half<br>2019-20-1st Half& 11nd Half<br>2020-21-1st Half& 11nd Half<br>2021-22-1st Half& 11nd Half | 50560/- |
| 19/642 | Wireless Info Service Ltd. Hambers | 2016-17-1st Half& 11nd Half<br>2017-18-1st Half& 11nd Half<br>2018-19-1st Half& 11nd Half | 57962/- |

| | | | |
|---|---|---|---|
| | | 2019-20-1st Half& 11nd Half<br>2020-21-1st Half& 11nd Half<br>2021-22-1st Half& 11nd Half | |
| ആകെ | | | 173385/- |

മേൽപ്പറഞ്ഞ അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 14/16.01.2023 മറുപടി ലഭ്യമാക്കി. മൊബൈൽ ടവറുകളിൽ ബി എസ് എൻ എൽ - ന്റെ ഉടമസ്ഥതയിലുള്ള 3/637 നമ്പർ ടവറിന്റെ നികുതി 2022 മാർച്ച് വരെയുള്ളത് അടച്ചിട്ടുള്ളതാണെന്നും എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ മുഖേന നേരിട്ട് അടയ്ക്കുന്നതിനു പകരം 64863/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും തുക സഞ്ചയ സോഫ്റ്റ് വെയറിലേക്ക് ഉൾക്കൊള്ളിക്കുന്നതിനുള്ള സാങ്കേതിക നടപടികൾ സ്വീകരിച്ചതായും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. 19/641, 19/642 നമ്പർ ടവറുകളുടെ നികുതി അടവാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുകയും അവ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-11 റേഷൻകടകളിൽ നിന്നും FACTEOS ലൈസൻസ്,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്ത പക്ഷം റേഷൻകടകളുടെ മേൽ അധികാരിയെന്ന നിലയിൽ താലൂക്ക് സപ്ലൈ ആഫീസർക്ക് അറിയിപ്പ് നൽകി പ്രസ്തുത നികുതി ഈടാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻകടകൾ പ്രവർത്തിക്കുന്നുവെന്നുള്ള വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 12/2023-ന് മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ടിന്റെ വർദ്ധനവിനായി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും നിയമാനുസൃത ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കേണ്ടതും തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 ലേലം - രേഖകൾ ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ നേമം യു.പി. സ്കൂളിലെ പഴയ ഓടിട്ട കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള ലേലം 06.09.2021 -ൽ നടത്തപ്പെട്ടു. ലേലത്തിൽ 4 പേർ പങ്കെടുത്തു. കൂടിയ തുകയായ 153000/-രൂപയ്ക്ക് ലേലം പിടിച്ച ശ്രീ. പ്രദീപ് എൻ., പ്ലാവിള കുഴിയോടൽ പുത്തൻവീട്, മണവാരി, ആനാവൂർ എന്നവർക്ക് ലേലം സ്ഥിരപ്പെടുത്തി നൽകുന്നതിന് 10.09.2021 തീയതിയിൽ നടന്ന പഞ്ചായത്തുകമ്മറ്റിയുടെ 8(2) -ാം നമ്പർ തീരുമാനം ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത ലേലവുമായി ബന്ധപ്പെട്ട രേഖകൾ (ലേലപരസ്യം, ലേലഡയറി, തുക ഒടുക്കുവരുത്തിയതിന്റെ വിവരങ്ങൾ) ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 11 - ന് നൽകിയ മറുപടിയിൽ നേമം യു.പി. സ്കൂളിലെ പഴയ ഓടിട്ട കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള ലേലം നേമം യു.പി. സ്കൂളിൽ തന്നെ നടത്തിയതിനാൽ ലേലസംബന്ധമായ ഫയലുകൾ സ്കൂളിൽ തന്നെയാണ് സൂക്ഷിച്ചിട്ടുള്ളത് എന്നും പ്രസ്തുത വിവരം ഹെഡ്മാസ്റ്ററെ അറിയിച്ചതായും വ്യക്തമാക്കി. എന്നാൽ ലേലവുമായി ബന്ധപ്പെട്ട രേഖകൾ (ലേലപരസ്യം, ലേലഡയറി, തുക ഒടുക്കുവരുത്തിയതിന്റെ വിവരങ്ങൾ) ഹെഡ്മാസ്റ്റർ ഹാജരാക്കിയില്ല. ലേലപരസ്യം, ലേലഡയറി, തുക ഒടുക്കുവരുത്തിയതിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 ലൈസൻസ് രജിസ്റ്ററിലെ സ്ഥാപനങ്ങളെല്ലാം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

പരിശോധനയ്ക്ക് ഹാജരാക്കിയ 2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2021-22 വർഷം ലൈസൻസ് രജിസ്റ്ററിലെ സ്ഥാപനങ്ങളെയെല്ലാം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നം | വാർഡ് നം./കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | X/556 | ജയകുമാർ | പ്രൊവിഷൻ സ്റ്റോർ |
| 2 | XVIII/105 | ദിലീപ് കുമാർ എസ് | ടെക്സ്റ്റയിൽസ് |
| 3 | XIX/724 | മിനി ബി എസ് | ഫർണിച്ചർ ഹാന്റിക്രാഫ്റ്റ് ഹോം അപ്ലയൻസ് |
| 4 | II/417 | വിജയമോഹനൻ എസ് | പലചരക്ക് കട |
| 5 | XIV/549 | ജോബി എസ് എൽ | മെഡിക്കൽസ്റ്റോർ |
| 6 | XXI/183 | സുരേഷ് കുമാർ ഡി | ഫാൻസി സ്റ്റോർ |

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള അപാകത സംഭവിക്കുന്നത്. ലൈസൻസ് രജിസ്റ്ററിലെ മുഴുവൻ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾക്കൊള്ളുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

സഞ്ചയ പ്രകാരം 1505 കടമുറികൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്ററിൽ 304 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 444 സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉണ്ട്.

| വാർഡ് | ട്രേഡേഴ്സ് ലിസ്റ്റിലുള്ള സ്ഥാപനങ്ങൾ | സഞ്ചയ പ്രകാരം രജിസ്റ്റർ ചെയ്ത കടമുറികൾ |
|---|---|---|
| വാർഡ് I | 23 | 78 |
| വാർഡ് II | 19 | 63 |
| വാർഡ് III | 12 | 62 |
| വാർഡ് IV | 27 | 92 |
| വാർഡ് V | 17 | 64 |
| വാർഡ് VI | 35 | 124 |
| വാർഡ് VII | 2 | 15 |
| വാർഡ് VIII | 11 | 26 |
| വാർഡ് IX | 21 | 67 |
| വാർഡ് X | 7 | 33 |
| വാർഡ് XI | 35 | 116 |
| വാർഡ് XII | 24 | 79 |

| | | |
|---|---|---|
| വാർഡ് XIII | 24 | 56 |
| വാർഡ് XIV | 26 | 89 |
| വാർഡ് XV | 9 | 21 |
| വാർഡ് XVI | 36 | 131 |
| വാർഡ് XVII | 20 | 50 |
| വാർഡ് XVIII | 28 | 124 |
| വാർഡ് XIX | 31 | 78 |
| വാർഡ് XX | 24 | 52 |
| വാർഡ് XXI | 13 | 85 |
| ആകെ | 444 | 1505 |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ വർദ്ധനവിനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 നിയമാനുസൃത മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കിയിട്ടില്ല.

| വാർഡ്/കെട്ടിട നമ്പർ/സ്ഥാപനം | ഉടമസ്ഥൻ | യന്ത്രത്തിന്റെ കുതിര ശക്തി(HP) | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|
| 13/420/പ്രിയ ഫ്ലവർ മിൽ | ജിദേഷ് ലാൽ | 10 | 200 |
| 11/198/അശോക ഫ്ലവർ മിൽസ് | എസ്. ലില്ലികുമാരി | 10 | 200 |
| 4/443/ശ്രീലക്ഷ്മി ഫ്ലവർ മിൽ | തുളസീധരൻ ഐ. | 10 | 200 |
| 16/18/ വിഷ്ണു ഫ്ലവർ & ഓയിൽ മിൽ | സജു എസ്. | 15 | 200 |
| 1/771/AIM STONE ഇന്റർലോക് ബ്രിക്സ് | സൂരജ് V. കുമാർ | 5 | 100 |
| 19/459/R.K. ഫ്ലവർ മിൽ | ആർ.കെ. പങ്കജാക്ഷൻ | 25 | 300 |
| 2/883/S.S. ഫ്ലവർ മിൽ | രവീന്ദ്രൻനായർ ജി. | 10 | 200 |
| 1/824/അതുൽ ഹോളോബ്രിക്സ് | ലിജി എൽ. | 5 | 100 |
| 1/45/മീര ഫ്ലവർ മിൽ | മീരാകൃഷ്ണൻ ജെ. | 7 | 100 |

| | | | |
|---|---|---|---|
| 6/232,233 /സൈമൺ ടിംബേഴ്സ് | നിവിൻ സൈമൺ | 38 | 400 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.12/2023-നുള്ള മറുപടി ലഭ്യമാക്കിയില്ല. 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 18,19, പട്ടിക 3 എന്നിവ പ്രകാരം യന്ത്രത്തിന്റെ കുതിരശക്തിയ്ക്ക് അനുസരിച്ച് മെഷീൻ ഫീസ് ഈടാക്കേണ്ടതാണ്. നിയമാനുസൃതമായ മെഷീൻ ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ വിവിധ പദ്ധതികൾ പൂർത്തിയാക്കാതെ അവശേഷിക്കുന്നു-പദ്ധതി വിഹിതം പാഴാകുന്നു.

2021-2022 സാമ്പത്തികവർഷത്തിലെ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിട്ടും അവ പ്രാവർത്തികമാക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|---|
| 1 | 19 | പകൽവീട് | 335000 രൂപ (പൊതുവിഭാഗം സാധാരണ വിഹിതം = 10000 രൂപ, തനത് ഫണ്ട് = 25000 രൂപ, ബ്ലോക്ക് = 300000 രൂപ) | 0 |
| 2 | 40 | സ്പീച്ച് ബിഹേവിയർ ഒക്യുപേഷണൽ തെറാപ്പി | 100000രൂപ (പൊതുവിഭാഗം സാധാരണ വിഹിതം) | 0 |
| 3 | 41 | ജാഗ്രത സമിതി | 60000 രൂപ (തനത് ഫണ്ട്) | 0 |

പകൽവീട് അറ്റകുറ്റപ്പണി നടക്കുന്നതിനാൽ ഇപ്പോൾ പകൽവീട് പ്രവർത്തിക്കുന്നില്ലായെന്നും 2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് നിയന്ത്രണങ്ങൾ നിലവിലുണ്ടായിരുന്നതിനാലും തെറാപ്പിസ്റ്റുകളെ ലഭ്യമല്ലാതിരുന്നതിനാലും സ്പീച്ച് ബിഹേവിയർ ഒക്യുപേഷണൽ തെറാപ്പി നിർവ്വഹണം നടത്താൻ കഴിഞ്ഞില്ല. സാമൂഹ്യ അവബോധ പരിപാടികൾ നടപ്പിലാക്കുന്നതിന് നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാലാണ് ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ നടത്താൻ കഴിയാതിരുന്നതെന്നും, എന്നാൽ പഞ്ചായത്തിലും വാർഡുതലത്തിലും മീറ്റിങ്ങുകളും പരാതിപരിഹാരവും നടത്തിയിട്ടുണ്ട് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി നം.2/10.1.23)

ഓരോ സാമ്പത്തിക വർഷത്തിലെയും പ്രോജക്ടുകളുടെ രൂപരേഖ തയാറാക്കുമ്പോൾ നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികളാകണം ആസൂത്രണം ചെയ്യേണ്ടത്. തുകകൾ ചെലവഴിക്കാതെ അവശേഷിക്കുമ്പോൾ പഞ്ചായത്തിന് നടപ്പിലാക്കാൻ കഴിയുമായിരുന്ന മറ്റു പദ്ധതികളുടെ സാധ്യതകളാണ് അടയുന്നത്. ആയതിനാൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ വേണ്ടത്ര ജാഗ്രത പുലർത്തേണ്ടതാണ്.

## 1-17 ദുരിതാശ്വാസ നിധിയുടെ വരവ് ചെലവ് രേഖകൾ ലഭ്യമായില്ല

ദുരിതാശ്വാസനിധിയുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് ചെലവ് വിശദാംശങ്ങൾ ചുവടെ.

| മുന്നിരിപ്പ് | തൻവർഷ വരവ് (ആർ.പി. പ്രകാരം) | തൻവർഷ ചെലവ് (ആർ.പി. പ്രകാരം) | വർഷാവസാന നീക്കിയിരുപ്പ് |
|---|---|---|---|
| 32831 | 53469 | 82300 | 4000 |

ദുരിതാശ്വാസ നിധി അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 5000/- രൂപയാണ്. വാർഷിക കണക്കുകളും, ബാങ്ക് സ്റ്റേറ്റ്മെന്റും തമ്മിലുള്ള വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല. ദുരിതാശ്വാസ നിധിയുടെ ക്യാഷ് ബുക്ക്, ചെലവു രേഖകൾ, മിനിട്സ് ബുക്ക് തുടങ്ങിയവയും ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (നം. 6/12.01.2023) പ്രസ്തുത പരാമർശത്തിനു മറുപടി/ രേഖകൾ ലഭ്യമാക്കിയില്ല. പരാമർശിത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 രേഖകൾ ലഭ്യമാക്കാതെ നിർജീവ അക്കൗണ്ടുകൾ അവസാനിപ്പിച്ചതായി രേഖപ്പെടുത്തി.

വാർഷിക കണക്കുകളിൽ വർഷാരംഭത്തിലുണ്ടായിരുന്ന ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് '0'ആയി രേഖപ്പെടുത്തിയിരിക്കുന്നു.

| അക്കൗണ്ട് | മുന്നിരിപ്പ് തുക |
|---|---|
| 450210102 പോസ്റ്റ് ഓഫീസ് | 9809.33 |
| 450610101 എസ്.ബി.റ്റി. ലിറ്ററസി | 1000 |
| 450610102 എസ്.ബി.റ്റി. ലിറ്ററസി (ഓൾഡ്) | 746 |

മേൽ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്/ പാസ്സ് ബുക്കുകൾ പരിശോധനക്കു ലഭ്യമായില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/12.01.2023) മുൻ വർഷങ്ങളിലുണ്ടായിരുന്ന മേൽ അക്കൗണ്ടുകൾ ഇടപാടുകൾ ഇല്ലാത്തവയും, സാംഖ്യയിൽ തുടർന്ന് വരുന്നവയായിരുന്നുവെന്നും ഇവയുടെ പാസ്സ്ബുക്കുകൾ ഒന്നും ലഭ്യമാക്കിയിരുന്നില്ലായെന്നും മറുപടി ലഭ്യമാക്കി. അക്കൗണ്ടുകൾ സംബന്ധിച്ച വിശദാംശം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ചതായോ, ഇതു സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുത്തതായോ കാണുന്നില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും അക്കൗണ്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് ലഭ്യമാക്കേണ്ടതും, അക്കൗണ്ടുകൾ അവസാനിപ്പിച്ചിട്ടുണ്ടെങ്കിൽ ഇതു സംബന്ധിച്ച ഭരണസമിതി തീരുമാനവും ലഭ്യമാക്കേണ്ടതാണ്.

## 1-19 ബാധ്യതാ ഹെഡിലെ തുകകൾ ഒടുക്കാതെ തനത് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.

വാർഷിക കണക്കുകളിലെ ബി9 ഷെഡ്യൂൾ പ്രകാരം സർക്കാർ/ഇതര സ്ഥാപനങ്ങളിലേയ്ക്ക് ഒടുക്കേണ്ടുന്ന തുകകൾ, ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കാതെ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | 31.03.2022 ലെ നീക്കിയിരിപ്പ് |
|---|---|
| 350300199 Govt And Other Dues Payable - Others | 13363 |
| 350800199 Other Creditors | 8300 |
| 350800299 Other Liabilities | 248744 |

മേൽ തുകകൾ ഏതൊക്കെ ഇനങ്ങളിലെ ബാധ്യതകളാണെന്നു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.4/11.01.2023) മറുപടി ലഭ്യമാക്കിയില്ല. ബാധ്യതയായ തുകകൾ ഏതു ഫണ്ടിൽ നിന്നുള്ളതാണെന്ന് ഉറപ്പാക്കി, ബന്ധപ്പെട്ട ഹെഡുകളിലേക്ക് അടിയന്തിരമായി ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 1.09 കോടിയുടെ മുൻകൂറുകൾ ക്രമീകരിക്കാനവശേഷിക്കുന്നു.

വാർഷിക കണക്കുകൾ ബി 18 ഷെഡ്യൂളിൽ ചുവടെ ചേർക്കും പ്രകാരം തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ഹെഡ് | 31.03.2022 ൽ ക്രമീകരിക്കാനവശേഷിക്കുന്ന തുക |
|---|---|
| 460100101 ഫെസ്റ്റിവൽ അഡ്വാൻസ് | 24000 |

| | |
|---|---|
| 460100103ടെമ്പററി അഡ്വാൻസ് ഫോർ ഒഫിഷ്യൽ പർപ്പസസ് | 35600 |
| 460500201 ഡെപ്പോസിറ്റ് വിത്ത് കേരള വാട്ടർ അതോറിറ്റി | 3911755 |
| 460500202 ഡെപ്പോസിറ്റ് വിത്ത് കേരള ഇലക്ട്രിസിറ്റി ബോർഡ് | 6918442 |
| 460500501 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് | 20000 |
| ആകെ | 10909797 |

ഇതിൽ 24000/- രൂപ ഓണം അഡ്വാൻസ് ഇനത്തിൽ ജീവനക്കാർക്ക് അനുവദിച്ച ശേഷം തിരികെ ഈടാക്കാത്തതും, 1,08,30,197/- രൂപ വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നിവയിൽ വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ച ശേഷം പ്രവൃത്തി പൂർത്തിയാക്കി ക്രമീകരിക്കാത്തവയുമാണ്. നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയിട്ടുള്ള തുകകൾ ഏതൊക്കെ പ്രവൃത്തികൾക്കായി നിക്ഷേപിച്ചിട്ടുള്ളതാണെന്ന് വ്യക്തമല്ല. സ്ഥാപനം സൂക്ഷിച്ചിട്ടുള്ള നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്ററിൽ ആവശ്യമായ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല. നിക്ഷേപ പ്രവൃത്തികളുടെ പേര്, ഫണ്ടിനം, തുക നിക്ഷേപിച്ച നൽകുന്ന തീയതി, പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ്, പ്രവൃത്തി പൂർത്തീകരിച്ച് ബില്ലും രേഖകളും ലഭ്യമായ തീയതി തുടങ്ങിയവ രേഖപ്പെടുത്തുന്നില്ല. രജിസ്റ്റർ സെക്രട്ടറിയോ,ചുമതലയുള്ള ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ 21-22 സാമ്പത്തിക വർഷം മുതലുള്ളതാണ്. മുൻ വർഷം നിക്ഷേപിച്ച നൽകിയതിൽ പൂർത്തിയായ പ്രവൃത്തികളുടെ വിശദാംശം, വിനിയോഗ സാക്ഷ്യപത്രം തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമല്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.4/11.01.2023, 5/11.01.2023) 460100101 ഫെസ്റ്റിവൽ അഡ്വാൻസ് ഹെഡിലെ ക്രമീകരിക്കാനുള്ള തുകയിൽ 15,000/- രൂപ 2021-22 സാമ്പത്തിക വർഷം മുൻ സെക്രട്ടറിക്കും, അക്കൗണ്ടന്റിനും അനുവദിച്ചതിൽ തിരികെ ലഭിക്കാനുള്ളതാണെന്നും, 460500501 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് എന്നീ ഹെഡിൽ അനുവദിച്ചിട്ടുള്ള 20000/- രൂപ കൃഷി ഭവന്റെ ഉദ്ഘാടന ചെലവുകൾക്കായി പ്രസിഡന്റിന് അനുവദിച്ചതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 460100103 ടെമ്പററി അഡ്വാൻസ് ഫോർ ഒഫിഷ്യൽ പർപ്പസസ് ഹെഡിലെ 35,600/- രൂപയുടെ മുൻകൂർ എന്ത് ആവശ്യത്തിനു നൽകിയതാണെന്നു വ്യക്തമല്ല. അഡ്വാൻസ് രജിസ്റ്ററിൽ എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്തി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

ഓണം അഡ്വാൻസ് ഇനത്തിൽ പിരിഞ്ഞു കിട്ടുവാനുള്ള തുക പൂർണ്ണമായും, മുൻ വർഷ രേഖകൾ കൂടി പരിശോധിച്ച് ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും അടിയന്തിരമായി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. 460100103 ടെമ്പററി അഡ്വാൻസ് ഫോർ ഒഫിഷ്യൽ പർപ്പസസ്, 460500501 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് എന്നീ ഹെഡുകളിലായി അനുവദിച്ചിട്ടുള്ള മുൻകൂറുകൾ സംബന്ധിച്ചും, അവ ക്രമീകരിച്ചതു സംബന്ധിച്ചുമുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

വിവിധ ആവശ്യങ്ങൾക്കായി നിക്ഷേപിച്ച നൽകിയ ശേഷം ദീർഘകാലമായി പ്രവൃത്തി പൂർത്തീകരിക്കാത്തതും, പൂർത്തീകരണ രേഖകൾ ലഭ്യമാക്കി ചെലവു തുക ക്രമീകരിക്കാത്തതും പദ്ധതി തുകയുടെ ദുർവിനിയോഗമായി തന്നെ വിലയിരുത്താവുന്നതാണ്. നിക്ഷേപ പ്രവൃത്തികൾക്കായി ഒരു കോടിയിലധികം തുക വിവിധ ഏജൻസികളിൽ നിലനിർത്തിയിരിക്കുന്നതും, പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ, വിനിയോഗ രേഖകൾ ലഭ്യമാക്കാത്തതും ഭരണ വകുപ്പ് മുഖാന്തിരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, അടിയന്തിരമായി പ്രവൃത്തികൾ പൂർത്തീകരിച്ച് തുക ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുക ക്രമപ്പെടുത്തിയ വിശദാംശം (പ്രവൃത്തിയുടെ പേര്, നിക്ഷേപിച്ച തുക, വിനിയോഗിച്ച തുക, നീക്കിയിരിപ്പ് തുക തുടങ്ങിയവയുൾപ്പെടെ) ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-21 റിസ്റ്റോറേഷൻ ചാർജ്ജ്-വരവു രേഖകൾ പരിശോധനക്കു ലഭ്യമായില്ല.**

വാർഷിക കണക്കുകൾ ആർ.പി. 4 ഹെഡ് 140700101 റീസ്റ്റൊറേഷൻ ചാർജ്ജസ് ഇനത്തിൽ 10,50,075/- രൂപ ഗ്രാമപഞ്ചായത്തിനു തൻ വർഷം വരവ് ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച അപേക്ഷകൾ, ഫയലുകൾ പരിശോധനയ്ക്കു ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/11.01.2023) മറുപടി/രേഖകൾ ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ റീസ്റ്റൊറേഷൻ ചാർജ്ജസ് ഈടാക്കിയിട്ടുള്ളത് ക്രമപ്രകാരമാണോ എന്നത് ബോധ്യപ്പെടാനായില്ല. റീസ്റ്റൊറേഷൻ ചാർജ്ജസിന്മേൽ നികുതികൾ ഈടാക്കിയിട്ടുണ്ടോ എന്നതും വ്യക്തമല്ല. രേഖകൾ/ഫയൽ പരിശോധനക്കു ലഭ്യമാക്കേണ്ടതാണ്.

## 1-22 ആസ്തി രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകങ്ങൾ

സർക്കുലർ നം.58608/ഡി.ബി.2/2009/തസ്വഭവ തീയതി 13.01.2010 ഖണ്ഡിക 3.22 പ്രകാരം ആസ്തി രജിസ്റ്റർ കാലാകാലങ്ങളിൽ മാറ്റം വരുത്തേണ്ടതും, പരിഷ്കരിക്കേണ്ടതുമാണ്. ഒരോ സാമ്പത്തിക വർഷാരംഭത്തിലും മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിയ്ക്ക് സമർപ്പിക്കേണ്ടതും, ഭരണസമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ ആസ്തി രജിസ്റ്റർ പുതുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരം ആസ്തി രജിസ്റ്റർ പുതുക്കുന്നില്ല. സ.ഉ.(കൈ)നം.255/2013/തസ്വഭവ തീയതി 18.07.2013 പ്രകാരം ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഓഡിറ്റിനു ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ അപൂർണ്ണമാണ്. എല്ലാ ഇനം ആസ്തികളും ഇതിൽ ഉൾപ്പെടുന്നില്ല. ഡിജിറ്റൽ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല.

ഭരണസമിതിയുടെ വിവിധ തീരുമാനങ്ങളിലൂടെ റോഡുകളും നടപ്പാതകളും ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്തതായി ബോധ്യപ്പെടാനായില്ല. മരാമത്ത് പ്രവൃത്തികളുടെ പദ്ധതി രൂപീകരണ ഫോറത്തിൽ ആസ്തികളുടെ യുണിക് നമ്പർ രേഖപ്പെടുത്തുന്നില്ല. 2021-22 സാമ്പത്തിക വർഷത്തിലെ വിവിധ പ്രവൃത്തി സ്ഥലങ്ങൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിലുൾപ്പെട്ടിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം. | പ്രവൃത്തി സ്ഥലം |
|---|---|
| 238/22 | ആറാട്ട് കടവ് തോട് |
| 182/22 | പറമ്പിൽ തോട് |
| 148/22 | മുതുവക്കോട്- കൊല്ലംവിളാകം തോട് |
| 45/22 | മതവറ തോട് |
| 160/22 | കായൽക്കര തോട് |
| 154/22 | തെങ്ങുംപള്ളിക്കോണം തോട് |
| 157/22 | ഞെടിഞ്ഞൽ തോട് |
| 144/22 | വാഴവിള ചാനൽ |
| 152/22 | മിണ്ണാംകോട് തോട് |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/13.01.2023, 23/19.01.203) 2021-22 സാമ്പത്തിക വർഷത്തിൽ പ്രവൃത്തികൾ നിർവഹിച്ചത് ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിലാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ, ആസ്തിയുടെ യുണിക് നമ്പർ, കാലികമാക്കിയ ആസ്തി രജിസ്റ്റർ തുടങ്ങിയവ പരിശോധനക്കു ലഭ്യമാക്കിയില്ല. കൂടാതെ, ആസ്തി രജിസ്റ്റർ പരിഷ്കരിക്കേണ്ടത് അസി. എഞ്ചിനീയറുടെ ചുമതലയല്ലായെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. മേൽ ഉത്തരവുകൾ പ്രകാരം ആസ്തി വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടത് അസി. എഞ്ചിനീയർ കൂടി ഉൾപ്പെട്ട സമിതിയാണ്.

1-23-1 ആസ്തി സംരക്ഷണം - തുടർനടപടികൾ സ്വീകരിക്കുന്നില്ല

25.02.2021 ലെ 11(1), 21(2) ഭരണസമിതി തീരുമാനങ്ങളിലൂടെ യഥാക്രം തെന്നൂർകുളം റീസർവേ ചെയ്ത് അളന്ന തിട്ടപ്പെടുത്തുന്നതിനും, വാർഡ് 21 ലെ പഞ്ചായത്ത് പുറമ്പോക്ക് അളന്ന തിട്ടപ്പെടുത്തുന്നതിനും തഹസിൽദാരോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുണ്ട്. മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികളും, ആസ്തികൾ അളന്ന തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച രേഖകളും ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/13.01.2023) മേൽ തീരുമാനങ്ങൾ തിരുവനന്തപുരം താലൂക്ക് സർവേ കാര്യാലയത്തിൽ നൽകിയിട്ടുള്ളതായും, നാളിതുവരെ പ്രസ്തുത ആസ്തികൾ അളന്ന തിട്ടപ്പെടുത്തി നൽകുന്നതിന് സർവേ വകുപ്പിൽ നിന്നും നടപടികൾ ഉണ്ടായില്ലായെന്നും മറുപടി ലഭ്യമാക്കി. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായില്ല. ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും, ആസ്തികൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 പ്രവൃത്തിയിൽ നിന്നും പിൻവാങ്ങിയ കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

പെരിങ്ങമ്മല തെറ്റിവിള ഹോസ്പിറ്റൽ റോഡ് റീടാറിംഗ് പ്രവൃത്തിക്ക് കരാർ ഉറപ്പിച്ച ശ്രീ. രവി സി, ധനുവച്ചപുരം പ്രവൃത്തി ആരംഭിക്കാത്തതിനാലും, ഇത് സംബന്ധിച്ച നോട്ടീസുകൾക്ക് മറുപടി ലഭ്യമാക്കാത്തതിനാലും, ടിയാളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും, ടിയാൾ ഒടുക്കിയിരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടു കെട്ടുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ശിപാർശയുടെ കൂടി അടിസ്ഥാനത്തിൽ 18.03.2022 ലെ 1(3) ഭരണസമിതി തീരുമാനിച്ചിരുന്നു. ഇപ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടു കെട്ടിയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/13.01.2023) ശ്രീ. രവി സി സമർപ്പിച്ച 9,000/- രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് (പാറശ്ശാല സബ് ട്രഷറിയിലെ സ്ഥിരനിക്ഷേപം നം. JL 1702778) സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയെങ്കിലും, തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറിയതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല. തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറിയതിനുള്ള രേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തികൾക്ക് മത്സര സ്വഭാവമുള്ള ബിഡുകൾ ലഭിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് മരാമത്ത് പ്രവൃത്തികൾക്കായി ക്ഷണിക്കുന്ന ടെണ്ടറുകൾക്ക് മത്സര സ്വഭാവമുള്ള ബിഡുകൾ ലഭ്യമായതായി കാണുന്നില്ല. ഭൂരിഭാഗം ടെണ്ടറുകളിലും രണ്ട് ബിഡുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ പേര് | അടങ്കൽ തുക | ലഭ്യമായ ടെണ്ടറുകളുടെ വിശദാംശം |
|---|---|---|
| 205/22 | 400000 | മാന്വൽ ടെണ്ടർ<br>വിനീത് കെ.ആർ 2% കൂടുതൽ<br>ശങ്കരൻ നായർ ജി എസ്റ്റിമേറ്റ് റേറ്റ് |
| 142/22 | 200000 | മാന്വൽ ടെണ്ടർ<br>വിനീത് കെ.ആർ 1% കൂടുതൽ<br>നീലാംബരൻ കെ എസ്റ്റിമേറ്റ് റേറ്റ് |
| 249/22 | 495000 | മാന്വൽ ടെണ്ടർ<br>വിപിൻ ജി 0.001% കുറവ്<br>നീലാംബരൻ കെ എസ്റ്റിമേറ്റ് റേറ്റ് |
| 139/22 | 100000 | മാന്വൽ ടെണ്ടർ<br>അഭിഷേക് ജെ 0.1% കുറവ് |

| | | |
|---|---|---|
| | | അഖിൽ എസ്.എസ്. എസ്റ്റിമേറ്റ് റേറ്റ് |
| 136/22 | 200000 | മാന്വൽ ടെണ്ടർ<br>അജി ജെ മാത്യൂ 8% കൂടുതൽ<br>വിക്രമൻ വി എസ്റ്റിമേറ്റ് റേറ്റ് |

ടെണ്ടർ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ മറ്റു അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ലഭ്യമായ തീയതി, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായവരുടെ ഒപ്പ്, ടെണ്ടർ അംഗീകരിച്ചതു സംബന്ധിച്ച ഭരണസമിതി തീരുമാനം എന്നിവ രേഖപ്പെടുത്തി അസി. എഞ്ചിനീയർ ഒപ്പു വച്ചിട്ടില്ല. (പൊതുമരാമത്ത് മാന്വൽ പാരാ 2009.1)

2. മാന്വൽ ടെണ്ടറുകൾക്കൊപ്പം പ്രവൃത്തികൾ ചെയ്യുന്നതിന് കരാറുകാർക്ക് അംഗീകാരമുണ്ടെന്നതിനുള്ള തെളിവായി പി.ഡബ്യൂ.ഡി. രജിസ്ട്രേഷൻ രേഖകൾ, ജി.എസ്.ടി. രജിസ്ട്രേഷൻ രേഖകൾ എന്നിവ ഉൾക്കൊള്ളിച്ചിട്ടില്ല.

3. വിവിധ പ്രവൃത്തികൾക്കായി സമർപ്പിക്കപ്പെട്ട ടെണ്ടർ രേഖകളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ. നം. | അടങ്കൽ തുക | ലഭിച്ച ബിഡുകളുടെ വിവരം | അപാകങ്ങൾ |
|---|---|---|---|
| 210/22 | 499000 | വിൽസൺ ആർ-2% കൂടുതൽ<br>അനിൽ ജി - എസ്റ്റിമേറ്റ് നിരക്ക് | ശ്രീ. വിൽസൺ ആർ ടെണ്ടർ ഫോറത്തിൽ ഒപ്പു വച്ചിട്ടില്ല. സമർപ്പിച്ച ടെണ്ടർ ഫോറം പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് അനുവദിച്ചതാണ്. |
| 148/22 | 200000 | വിൽസൺ ആർ-എസ്റ്റിമേറ്റ് നിരക്ക്<br>അനിൽ ജി - 0.1% കുറവ് | ശ്രീ. വിൽസൺ ആർ സമർപ്പിച്ച ബിഡിൽ ശ്രീ. അനിൽ ജി, കോൺട്രാക്ടറുടെ സീൽ പതിച്ചിരിക്കുന്നു. |

അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.16/17.01.2023) ടെണ്ടർ ഡോക്യുമെന്റ്സ് രജിസ്റ്റേർഡ് തപാലിലാണ് സ്വീകരിക്കുന്നത് എന്നും, ഓപ്പൺ ടെണ്ടറുകൾക്ക് കരാറുകാരുടെ രജിസ്ട്രേഷൻ രേഖകൾ പരിശോധിച്ച ശേഷം മാത്രമാണ് ടെണ്ടർ ഫോറം അനുവദിക്കുന്നതെന്നും മറുപടി ലഭ്യമാക്കി. രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികൾക്ക് കാര്യക്ഷമമായ ബിഡുകൾ ലഭിക്കാത്തതു സംബന്ധിച്ച വിഷയം മരാമത്ത് സ്ഥിരംസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മരാമത്ത് പ്രവൃത്തികൾക്ക് നാമമാത്രമായ ബിഡുകൾ മാത്രം ലഭിക്കുന്നതും, ബിഡുകളിൽ മത്സര സ്വഭാവമുള്ള നിരക്കുകൾ ലഭിക്കാത്തതും, സംബന്ധിച്ച വിഷയങ്ങൾ പരിശോധിക്കേണ്ടതും, പദ്ധതി തുകയുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതുമാണ്.

## 1-25 2018-19 ലെ പദ്ധതി 3 വർഷമായി സ്പിൽ ഓവർ അനുമതി നേടി നടപ്പാക്കി.

പ്രോജക്റ്റ് നം. 210/22 പൂങ്കുളം ചാനൽക്കര കോളിയൂർ ബണ്ട് റോഡിൽ പാർശ്വഭിത്തി നിർമ്മാണം പദ്ധതി 2018-19 ൽ (പ്രോ.നം. 122/19) ആവിഷ്കരിച്ചതാണ്. ടി പദ്ധതിക്ക് വിവിധ വർഷങ്ങളിലായി സ്പിൽ ഓവർ അനുമതി നേടി 2020-21, 2021-22 വർഷങ്ങളിലായി തുക അനുവദിച്ചിരിക്കുന്നു. പദ്ധതി ആവിഷ്കരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ച ശേഷം പൂർത്തിയാക്കാനാകാത്ത ഒരു പദ്ധതിക്ക് തൊട്ടടുത്ത സാമ്പത്തിക വർഷം മാത്രമാണ് സ്പിൽ ഓവർ അനുമതി നേടാവുന്നത് എന്നിരിക്കേ, പല വർഷങ്ങളിൽ സ്പിൽ ഓവർ അനുമതി നേടി നടപ്പാക്കി.

എ) 4,99,000/- രൂപ അടങ്കലുള്ള പദ്ധതിക്കായി സമർപ്പിച്ചിട്ടുള്ള ടെണ്ടർ ഫോറങ്ങൾ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഇഷ്യൂ ചെയ്തിട്ടുള്ളതാണ്. പദ്ധതിക്കായി രണ്ടു ബിഡുകൾ ലഭിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി ടെണ്ടർ ഫോറവില ഈടാക്കിയതിനുള്ള രേഖകൾ ലഭ്യമായില്ല.

ബി) പദ്ധതിക്കായി ശ്രീ. അനിൽ ജി 12.09.2018 ൽ അസി.എഞ്ചിനീയറുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ എം ബുക്ക് നം. 521/18-19 പേജ് നം. 9 പ്രകാരം പ്രവൃത്തി 25.05.2019 ൽ പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ബിൽ അനുവദിക്കുന്നതിനുണ്ടായ താമസത്തിനുള്ള കാരണം വ്യക്തമല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22/19.01.2023) മറുപടി ലഭ്യമായില്ല. പദ്ധതി പൂർത്തീകരിച്ച ശേഷം ബിൽ തുക അനുവദിക്കാത്തതിനും, പദ്ധതി 3 വർഷമായി സ്പിൽ ഓവർ ആക്കിയതിനും ഭരണസമിതി തീരുമാനം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

സ.ഉ.(പി)നം.3/15/ധന തീയതി 05.01.2015, അനുബന്ധ ഉത്തരവുകൾ പ്രകാരം 50,000/- മുതൽ 10 ലക്ഷം വരെ അടങ്കൽ ഉള്ള പദ്ധതികളുടെ പ്രവൃത്തി മൂല്യത്തിന്റെ 0.2% (കുറഞ്ഞത് 500/- രൂപയും, പരമാവധി 2000/- രൂപയും), ടെണ്ടർ ഫീ ആയി ഈടാക്കേണ്ടതുണ്ട്. 4,99,000/- രൂപ അടങ്കലുള്ള മേൽ പദ്ധതിക്കായി 998/- രൂപ ടെണ്ടർ ഫീ/ടെണ്ടർ ഫോറവിലയിനത്തിൽ ഈടാക്കേണ്ടിയിരുന്നു. പദ്ധതിക്കായി ടെണ്ടർ സമർപ്പിച്ച ശ്രീ. അനിൽ ജി, വിൽസൺ ആർ എന്നിവർ ടെണ്ടർ ഫീ ഒടുക്കിയതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടെണ്ടർ ഫോം ഇഷ്യു ചെയ്ത തീയതി (04.08.20218) യിലെ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി തനതു ഫണ്ടിൽ ഒടുക്കിയതിനുള്ള രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-26 നികുതി ഒടുക്കുന്നതിനും, റിട്ടേണുകൾ ഫയൽ ചെയ്യുന്നതിലും ഉണ്ടായ കാലതാമസത്തിനുള്ള പിഴ തനതു ഫണ്ടിൽ നിന്നും അനുവദിച്ചു. -3650/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

സർക്കുലർ നം 18/2019/ധന തീയതി 01.03.2019 (ഇൻഡസ്ട്രീസ് ആന്റ് പബ്ലിക് വർക്സ്-ബി) ഡിപ്പാർട്ട്മെന്റ് ക്രമനം 13 പ്രകാരം ജി.എസ്.ടി ആക്ടിൽ പരാമർശിച്ചിരിക്കുന്ന നികുതികൾ കിഴിവുവരുത്തിയ മാസം അവസാനിച്ച് 10 ദിവസത്തിനകം സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതും 20-ാം തീയതിയ്ക്കകം റിട്ടേണുകൾ ഫയൽ ചെയ്യേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന് എസ്.ജി.എസ്.ടി, സി.ജി.എസ്.ടിയിനങ്ങളിൽ വരവുണ്ടെങ്കിലും യഥാസമയം തുക സർക്കാരിലേയ്ക്ക് അടവാക്കി റിട്ടേണുകൾ ഫയൽ ചെയ്തില്ല.

തുടർന്ന് 2021 ജൂലൈ മുതൽ 2022 ഫെബ്രുവരി മാസം വരെയുള്ള പിഴയിനത്തിൽ ഗ്രാമപഞ്ചായത്ത് ആകെ 3650/- രൂപ തനതു ഫണ്ടിൽ നിന്നും ചെക്ക് നം. 88890/31.03.2022 പ്രകാരം ഒടുക്കിയിട്ടുണ്ട്. നിശ്ചിത സമയത്ത് ജി.എസ്.ടി. ഒടുക്കാത്തതിനും, റിട്ടേണുകൾ സമയബന്ധിതമായി ഫയൽ ചെയ്യാത്തതിനും വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 26/19.01.2023) നിലവിലെ അക്കൗണ്ടന്റ്, ടി തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന സമയത്ത് (15.11.2021ൽ) ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് സംബന്ധമായ കാര്യങ്ങൾ എല്ലാം തന്നെ താറുമാറായ അവസ്ഥയിലായിരുന്നുവെന്നും, മുൻ അക്കൗണ്ടന്റ് സുപ്രധാന രേഖകൾ, ഫയലുകൾ, പാസ്സ് വേർഡുകൾ എന്നിവ കൈമാറിയിരുന്നില്ലായെന്നും അറിയിക്കുകയുണ്ടായി. ജി.എസ്.ടി തുക ഒടുക്കുന്നതും, റിട്ടേണുകൾ സമർപ്പിക്കുന്നതും സംബന്ധിച്ച രേഖകളൊന്നും ലഭിക്കാതെ വന്നതിനാൽ പാസ്സ് വേർഡും യൂസർനെയിമും ബ്രേക് ചെയ്ത് വീണ്ടെടുത്താണ് റിട്ടേണുകൾ സമർപ്പിക്കാനായതെന്നും, നിലവിൽ സമയബന്ധിതമായി നികുതി ഒടുക്കി, റിട്ടേണുകൾ സമർപ്പിക്കുന്നതായും മറുപടി ലഭ്യമാക്കി. നികുതി സമയബന്ധിതമായി ഒടുക്കുന്നതിലും, റിട്ടേണുകൾ സമർപ്പിക്കുന്നതിനുമുണ്ടായ വീഴ്ചക്ക് അക്കൗണ്ടന്റ്, സെക്രട്ടറിമാർ ഉത്തരവാദികളാണ്. വീഴ്ചയ്ക്ക് കാരണക്കാരായവരെ ഭരണതല നടപടികളിലൂടെ നിശ്ചയിക്കേണ്ടതും, നഷ്ട തുക സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-27 അസിസ്റ്റന്റ് എഞ്ചിനീയറുടെ റ്റി.എസ്.ബി. അക്കൗണ്ടിലെ നീക്കിയിരിപ്പ് ഏതിനത്തിലേതെന്ന് വ്യക്തമല്ല

ഗ്രാമപഞ്ചായത്ത് തനത് കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ തുക ട്രഷറി ചെക്ക് മുഖാന്തിരം ബന്ധപ്പെട്ട നിർവഹണാധികാരിയുടെ ട്രഷറി അക്കൗണ്ടിലേക്ക് കൈമാറുകയും, തുടർന്ന് നിർവഹണോദ്യോഗസ്ഥൻ പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാർക്കും, നികുതികൾ ബന്ധപ്പെട്ട ഹെഡിലേക്കും നിർവഹണോദ്യോഗസ്ഥന്റെ ട്രഷറി അക്കൗണ്ടിൽ നിന്നും ചെക്ക് മുഖാന്തിരം അനുവദിക്കുകയുമാണ് ചെയ്ത് പോരുന്നത്. അസി. എഞ്ചിനീയറുടെ ട്രഷറി അക്കൗണ്ടിൽ (നം. 799011400004786 സബ് ട്രഷറി വിഴിഞ്ഞം) ഇപ്രകാരം ലഭിച്ചതിൽ 87,503/- രൂപ നീക്കിയിരിപ്പായി (തീയതി 07.01.2023) അവശേഷിക്കുന്നു. പ്രസ്തുത നീക്കിയിരിപ്പ് ഏതിനത്തിലേതാണെന്ന് വ്യക്തമല്ല. അസി. എഞ്ചിനീയറുടെ ക്യാഷ് ബുക്ക് പരിശോധനക്കു ലഭ്യമായില്ല. നീക്കിയിരിപ്പ് തുക എന്ത് ആവശ്യത്തിന്, ആരിൽ നിന്നും ലഭ്യമായതാണെന്നും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-28 ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾ

ചെലവ് വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ബിൽ രജിസ്റ്ററിന്റെ 17.08.2021 മുതലുള്ള വാല്യം മാത്രമാണ് ഓഡിറ്റിന്

ലഭ്യമാക്കിയത്. ഇതിനു മുൻപുള്ള രജിസ്റ്റർ നഷ്ടമായതായി അറിയിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയതിൽ 2021 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള വൗച്ചറുകൾ തനതു അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തിയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ചെലവു വൗച്ചറുകൾ വൗച്ചർ നമ്പറിന്റെ ക്രമത്തിൽ സൂക്ഷിച്ചിട്ടില്ല.

2) ചെക്കുകൾ ഇഷ്യൂ ചെയ്യുന്നത് തുടർച്ചയായിട്ടല്ല. ഉദാ -

| വൗച്ചർ നം. /തീയതി | അനുവദിച്ച ചെക്ക് നം/തീയതി |
|---|---|
| 22100637 /26.08.2021 | 4070/18.08.2021 കെ.എസ്.സി.ബി |
| 22100638/26.08.2021 | 4074/24.08.2021കെ.എസ്.സി.ബി |
| 22100639/26.08.2021 | 4072/18.05.2021കെ.എസ്.സി.ബി |
| 22100640/26.08.2021 | 4071/17.08.2021കെ.എസ്.സി.ബി |

3) സാംഖ്യയിൽ ചെലവ് രേഖപ്പെടുത്തിയതിനു ശേഷം മാത്രമാണ് ചെലവുകൾ നടത്തേണ്ടതെങ്കിലും, തുക ചെലവ് ചെയ്തശേഷം സാംഖ്യയിൽ ചെലവ് വൗച്ചർ ജനറേറ്റ് ചെയ്തിരിക്കുന്നു. ഉദാ-

| വൗച്ചർ നം./തീയതി | ചെക്ക് നം./തീയതി | തുക | ചെക്ക് പണമാക്കിയ തീയതി | ബാങ്ക് |
|---|---|---|---|---|
| 22100354/29.06.2021 | 2311/21.06.2021 | 1460 | 18.06.2021 | കല്ലിയൂർ സർവീസ് സഹകരണ ബാങ്ക് |
| 22100348/29.06.2021 | 2312/26.06.2021 | 9400 | 23.06.2021 | |

4) ചെലവ് വൗച്ചറിൽ ബുക്ക് ചെയ്തതിൽ നിന്നും വ്യത്യസ്തമായി ചെക്ക് പ്രകാരം പണം പിൻവലിച്ചിരിക്കുന്നു. ഉദാ-

| വൗച്ചർ നം. | ചെക്ക് നം./തീയതി | വൗച്ചർ പ്രകാരമുള്ള തുക | ബാങ്കിൽ നിന്നും പിൻവലിച്ചിട്ടുള്ള തുക | അധികമായി പിൻവലിച്ചത് |
|---|---|---|---|---|
| 22100058 | 3447/17.04.2021 | 265 | 1165 | 900 |
| 22100027, 26 | 3441/09.04.2021 | 1330 | 4259 | 2929 |
| 22100338, 39, 40 | 2308/12.06.2021 | 17460 | 19060 | 1600 |
| 22100303 | 2302/08.06.2021 | 1320 | 2394 | 1074 |
| 22100293/09.06.2021 | 2298/07.06.2021 | 17160 | 18480 | 1320 |
| 22100415/08.07.2021 | 2349/07.07.2021 | 1460 | 2920 | 1460 |
| 22100565/11.08.2021 | 4785/11.08.2021 | 5250 | 9702 | 4452 |
| ആകെ | | | | 13,735 |

വൗച്ചർ പ്രകാരം അനുവദിച്ചതും, ചെക്ക് പ്രകാരം പണമാക്കിയതും തമ്മിലെ വ്യത്യാസം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/16.01.2023) പരാമർശത്തിന് മറുപടി നൽകുന്നതിന് മുൻ അക്കൗണ്ടന്റിന്റെ സേവനം കൂടി ആവശ്യമാണെന്നും, ഓഡിറ്റ് അന്വേഷണങ്ങളുടെ പകർപ്പ് ടിയാൾക്ക് അയച്ചു നലകിയിട്ടുള്ളതായും, മുൻ അക്കൗണ്ടന്റിന്റെ സഹായത്തോടു കൂടി ഓഡിറ്റ് അന്വേഷണങ്ങൾക്കു മറുപടി നൽകുന്നതാണെന്നും അറിയിച്ചു. മേൽ വ്യത്യാസത്തിന് മറുപടി ലഭ്യമാക്കും വരെ 13,735/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. രണ്ടു മാസത്തിനകം രേഖകൾ ലഭ്യമാക്കി വ്യത്യാസം വിശദീകരിക്കാത്ത പക്ഷം തനതു ഫണ്ടിനുണ്ടായ നഷ്ടമായി വിലയിരുത്തി തുക നഷ്ടോത്തരവാദികളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

5) ഗ്രാമപഞ്ചായത്ത് അനുവദിച്ച അനേകം ചെക്കുകൾ പണമായി മാറാത്തതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | ചെക്ക് നം./തീയതി | തുക | ബാങ്ക് |
|---|---|---|---|
| 22100039, 40, 37 | 88793/12.04.2021 | 31668 | കാനറാ |
| 22100126 | 88800/03.05.2021 | 16500 | കാനറാ |
| 22100228 | 2076/31.05.2021 | 675 | കെ.എസ്.സി.ബി. |
| 22100204 | 511152/20.05.2021 | 20800 | കാനറാ |
| 22100158 | 511138/07.05.2021 | 10788 | കാനറാ |
| 22100159 | 511140/07.05.2021 | 10525 | കാനറാ |
| 22100353/29.06.2021 | 5507171/17.06.2021 | 13068 | എൽ.ജി.റ്റി.എസ്.ബി. |
| 22100348/29.06.2021 | 2312/26.06.2021 | 9400 | കെ.എസ്.സി.ബി. |
| 22100328/12.06.2021 | 511168/14.06.2021 | 33180 | കാനറാ |
| 22100406/07.07.2021 | 2341/06.07.2021 | 2500 | കെ.എസ്.സി.ബി. |
| 22100429/13.07.2021 | 2357/13.07.2021 | 389 | കെ.എസ്.സി.ബി. |
| 22100436/13.07.2021 | 2360/13.07.2021 | 1000 | കെ.എസ്.സി.ബി. |
| 22100445/16.07.2021 | 3064/16.07.2021 | 1000 | കെ.എസ്.സി.ബി. |
| 22100447/16.07.2021 | 3064/16.07.2021 | 2470 | കെ.എസ്.സി.ബി. |
| 22100451/16.07.2021 | 3071/16.07.2021 | 4130 | കെ.എസ്.സി.ബി. |
| 22100453/16.07.2021 | 3072/16.07.2021 | 4050 | കെ.എസ്.സി.ബി. |
| 22100458/23.07.2021 | 3075/23.07.2021 | 250 | കെ.എസ്.സി.ബി. |
| 22100459/23.07.2021 | 3076/23.07.2021 | 1000 | കെ.എസ്.സി.ബി. |
| 22100469/28.07.2021 | 3006/28.07.2021 | 2500 | കെ.എസ്.സി.ബി. |

6) തനത് ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള വിവിധ പിൻവലിക്കലുകളുമായി ബന്ധപ്പെട്ട ചെലവു രേഖകൾ/വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. വിശദാംശങ്ങൾ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ ഇടപാടുകൾ ഏതൊക്കെ ചെലവു വൗച്ചർ പ്രകാരമാണെന്നതു വ്യക്തമല്ല/ ചെലവു വൗച്ചറുകൾ ലഭ്യമായില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.15/16.01.2023) പരാമർശത്തിന് മറുപടി നൽകുന്നതിന് മുൻ അക്കൗണ്ടന്റിന്റെ സേവനം കൂടി ആവശ്യമാണെന്നും, ഓഡിറ്റ് അന്വേഷണങ്ങളുടെ പകർപ്പ് ടിയാൾക്ക് അയച്ചു നലകിയിട്ടുള്ളതായും, മുൻ അക്കൗണ്ടന്റിന്റെ സഹായത്തോടു കൂടി ഓഡിറ്റ് അന്വേഷണങ്ങൾക്കു മറുപടി നൽകുന്നതാണെന്നും അറിയിച്ചു. മേൽ വ്യത്യാസത്തിന് മറുപടി ലഭ്യമാകും വരെ അനുബന്ധം 3 പ്രകാരമുള്ള 1,60,19,207/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. രണ്ടു മാസത്തിനകം ചെലവു വൗച്ചറുകൾ/ രേഖകൾ ലഭ്യമാക്കി വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

മേൽ പരാമർശങ്ങൾ 5 മാസത്തെ (2021 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ) വൗച്ചറുകളും ബാങ്ക് സ്റ്റേറ്റ്മെന്റുകളും മാത്രം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ്. പരാമർശങ്ങളുമായി ബന്ധപ്പെട്ട് ബാക്കിയുള്ള 7 മാസത്തെ രേഖകൾ കൂടി പരിശോധിക്കേണ്ടതും, ശരിയായ വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ലാത്തതും/ ചെലവു സംബന്ധിച്ച നഷ്ടം/ അധിക ചെലവ് ബോധ്യപ്പെടുന്ന പക്ഷം തുക ഈടാക്കുന്നതിനു വകുപ്പുതല നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-29 ഡിമാന്റ് ഡ്രാഫ്റ്റുകൾ പണമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഡി.ഡി./ ചെക്ക് റിസീവ്ഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന ഡി.ഡി. കൾ പണമാക്കിയതായി ബോധ്യപ്പെടാനായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡി.ഡി. നം./തീയതി | തുക |
|---|---|
| 547621/14.03.2022 | 1250 |
| 547622/14.03.2022 | 1250 |
| 547620/14.03.2022 | 10000 |
| ആകെ | 12500 |

ഡിമാന്റ് ഡ്രാഫ്റ്റുകൾ പണമാക്കി മാറ്റിയതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/16.01.2023) പരാമർശത്തിന് മറുപടി നൽകുന്നതിന് മുൻ അക്കൗണ്ടന്റിന്റെ സേവനം കൂടി ആവശ്യമാണെന്നും, ഓഡിറ്റ് അന്വേഷണങ്ങളുടെ പകർപ്പ് ടിയാൾക്ക് അയച്ചു നൽകിയിട്ടുള്ളതായും, മുൻ അക്കൗണ്ടന്റിന്റെ സഹായത്തോടു കൂടി ഓഡിറ്റ് അന്വേഷണങ്ങൾക്കു മറുപടി നൽകുന്നതാണെന്നും അറിയിച്ചു. ഡിമാന്റ് ഡ്രാഫ്റ്റുകൾ പണമാക്കിയതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-30 അംഗീകരിച്ച പദ്ധതിയിൽ നിന്നും വ്യതിചലിച്ച് തുക ചെലവഴിച്ചു.

പ്രോജക്ടിന്റെ പേര്-പ്രസവാനന്തര ആയുർവേദ ചികിത്സാ പദ്ധതി.

പ്രോജക്ട് നമ്പർ S0106/22

അടങ്കൽ തുക-100000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ(ആയുർവേദം)

ഉപയോഗക്രമങ്ങളും ബോധവത്കരണ ലഘുലേഖകളും വഴി അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും, പ്രസവം കഴിഞ്ഞ്, 60 ദിവസത്തിനുള്ളിൽ കല്ലിയൂർ പഞ്ചായത്തിലെ താമസക്കാരിയാണെന്ന് തെളിയിക്കുന്ന രേഖയുമായി ഒ.പി യിൽ എത്തുന്ന സൂതികക്കും കുഞ്ഞിനും വേണ്ട ആയുർവേദ ഔഷധങ്ങൾ നല്കുന്നതിനുമാണ് പ്രസ്തുത പ്രോജക്ട്. പ്രോജക്ട് രൂപരേഖ പരിശോധിച്ചതിൽ,100000/-രൂപയുടെ പദ്ധതി ചെലവിനായിട്ടാണ് അംഗീകാരം ലഭിച്ചിരിക്കുന്നതെങ്കിലും 200000രൂപ (Bill No.30/21-22,dtd 5.8.21 Amt-100000,Bill No.59/21-22,dtd 18.12.21 Amt-100000) ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ അംഗീകരിച്ച പദ്ധതിയിൽ നിന്നും വ്യതിചലിച്ച് തുക ചെലവഴിച്ചതിന് പദ്ധതി പുതുക്കി അംഗീകാരം വാങ്ങിയിട്ടുമില്ല. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നം.1 ന്, ഔഷധങ്ങൾ അധികമായി വാങ്ങേണ്ടി വന്നതിനാലാണ് ഇത്തരത്തിൽ അധികം തുക ചെലവഴിച്ചത് എന്ന് മറുപടി ലഭ്യമാക്കി. ഭാവിയിൽ , അംഗീകരിച്ച പദ്ധതിയിൽ നിന്നും വ്യതിചലിച്ച് തുക ചെലവഴിക്കേണ്ട സാഹചര്യമുണ്ടാകുമ്പോൾ പദ്ധതി പുതുക്കി അംഗീകാരം വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-31 വാങ്ങലുകളുടെ പരസ്യം വെബ്സൈറ്റുകളിൽ നൽകുന്നില്ല.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളിൽ സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച സ.ഉ.(കൈ)നം.93/2012/തസ്വഭവ തീയതി.31.03.2012 മാർഗ്ഗരേഖ പ്രകാരം 20000/-രൂപയിൽ കൂടുതലുള്ള എല്ലാ വാങ്ങലുകളെ സംബന്ധിച്ചുള്ള അറിയിപ്പ് പത്രപരസ്യങ്ങൾക്കു പുറമേ പഞ്ചായത്തിന്റെ നോട്ടീസ് ബോർഡ്, ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ നോട്ടീസ് ബോർഡ്, എം.ജി.എൻ.ആർ.ഇ.ജി.എ. യുടെ വെബ്സൈറ്റ്, ജില്ലയുടെ വെബ്സെറ്റ്, എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/2023തീ. 18.01.2023 ) വെബ്സൈറ്റുകളിൽ പഞ്ചായത്തിന് നേരിട്ട് അറിയിപ്പ് നൽകുന്നതിന് സജ്ജീകരണം നിലവിലില്ലായെന്ന് മറുപടി ലഭ്യമാക്കി. വെബ്സൈറ്റുകളിൽ കൂടി പരസ്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 എം.ഐ.എസ്-ൽ ഫോട്ടോ അപ്ലോഡ് ചെയ്യുന്നില്ല.

സ.ഉ.(കൈ)നം.93/2012/തസ്വഭവ തീ.31.03.2012 മാർഗ്ഗരേഖ പ്രകാരം സാധന സാമഗ്രികൾ സൈറ്റിൽ വിതരണക്കാരനിൽ നിന്നും എഞ്ചീനിയർ ഏറ്റുവാങ്ങി മെയ്റ്റിന് കൈമാറുന്ന വേളയിൽ പ്രവൃത്തികൊണ്ട് നേരിട്ട് ഗുണം ലഭിക്കുന്ന വ്യക്തികളെയും അറിയിച്ച് അവരുടെ സാന്നിധ്യം പരമാവധി ഉറപ്പാക്കേണ്ടതും മെയ്റ്റ് സാധന സാമഗ്രികൾ ഏറ്റുവാങ്ങുന്നതിന്റെ ഫോട്ടോ നിർബന്ധമായും എടുക്കേണ്ടതും ആയത് എം.ഐ.എസിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ്. എന്നാൽ ഇത്തരം സംവിധാനം നിലവിൽ പഞ്ചായത്തിൽ ലഭ്യമല്ലെന്നും പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് Before, During, After സ്റ്റേജ് ഫോട്ടോകൾ ഭുവൻ ആപ്ലിക്കേഷൻ മുഖേന എം.ഐ.എസിൽ അപ്ലോഡ് ചെയ്യുന്നുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം.19/ 18.01.23) മറുപടി നൽകി.

## 1-33 ടെണ്ടർ ഫോറവില നേരിട്ട് ഫ്രണ്ട് ഓഫീസിൽ അടവാക്കുന്നില്ല

വിവിധ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ടെണ്ടർ ഫോറങ്ങളുടെ വില എ.ഇ.യുടെ കാര്യാലയത്തിൽ നേരിട്ട് മാന്വൽ രസീതു മുഖാന്തിരമാണ് സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത രസീതുകൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയിട്ടില്ല. സാമ്പത്തിക വർഷത്തിൽ ഉപയോഗശേഷമുള്ള രസീതുകൾ കാൻസൽ ചെയ്തു സൂക്ഷിച്ചിട്ടില്ല. കൂടാതെ രസീതുകളിൽ തിരുത്തലുകളും ഉള്ളതായി ബോധ്യപ്പെട്ടു. ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനത്തിൽപ്പെടുന്നതിനാലും, അസി. എഞ്ചിനീയറുടെ കാര്യാലയവും ഗ്രാമപഞ്ചായത്തു കാര്യാലയവും ഒരേ

കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാലും ടെണ്ടർ ഫീ മാന്വൽ രസീതുകളിലൂടെ സ്വീകരിക്കാതെ ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് മുഖാന്തിരം സ്വീകരിക്കുന്നതാവും അഭികാമ്യം.

## 1-34 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ

1.വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -3634606/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2021-22ൽ നടപ്പിലാക്കിയ വിവധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | അടവാക്കിയ തുക (ബിൽ നമ്പർ ) | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|---|
| 1 | ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് മന്ദിരനിർമ്മാണം വിഹിതം നല്കൽ(S0022/22) | 200000/-<br>Bill No.29/22 Dtd 5.7.21 | ചെയർപേഴ്സൺ മെമ്പർ സെക്രട്ടറി ,ഡി.പി.സി |
| 2 | ഐ.കെ.എം-ന് അടയ്ക്കേണ്ട വിഹിതം നല്കൽ (S0001/22) | 130378/-<br>Billno.63/22 Dtd 25.10.21 | ഐ.കെ.എം.പ്രോജക്ട് ഡയറക്ടർ |
| 3 | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ (S0128/22) | XVFC/2021-22/P/25/dtd 17.3.22 )<br>47600/-<br>XVFC/2021-22/P/23/dtd 22.2.22<br>164433/-<br>XVFC/2021-22/P/1/dtd 15.1.22<br>1059343/-<br>XVFC/2021-22/P/26/dtd 17.3.22<br>24863<br>XVFC/2021-22/P/27/dtd 17.3.22<br>199893<br>XVFC/2021-22/P/30/dtd 19.3.22 )<br>103380/-<br>Bill No.393/2.1.22 Amt.145536/-<br>Total-1745048/- | കെ.എസ്.ഇ.ബി |
| 4 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S0015/22) | Ch.no.5507405<br>Dtd 9.921<br>Amt-29661+36197<br>Ch No.622978/31.12.21<br>Amt-16858/-<br>Ch.no.622902/22.11.21<br>Amt-12671+7451+8643<br>Ch.no.5507478/4.2.22<br>Amt-8583+11354<br>Ch.no.5507493 Dtd.2.2.22<br>Amt-6845+10192+12903 | കെ.എസ്.ഇ.ബി |

| | | | |
|---|---|---|---|
| | | Ch.no.6088809 Dtd.11.3.22<br>Amt-6372+8087+16702<br>Ch.no.622967 Dtd.7.12.21<br>Amt-11457/-<br>Ch No.550745 Dtd 10.1.22<br>Amt-13316+9913<br>Ch No.5507465 Dtd 17.1.22<br>Amt-8917/-<br>Total-236122/- | |
| 5 | ജലജീവൻ മിഷൻ പദ്ധതിയ്ക്ക് വിഹിതം നല്കൽ (S0012/22) | 500000/-<br>(Ch.no.5507814 Dtd.20.7.21)<br>323058/-<br>(Ch.no.088873 Dtd 30.3.2022)<br>500000/-<br>(Bill No.38/22 Dtd 22.7.21)<br>Total-1323058/- | കേരളാ വാട്ടർ അതോറിറ്റി |

മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 36,34,606/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2.ജി. എസ് ടി റ്റി.ഡി എസ് ഈടാക്കിയില്ല.

2021-22 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ 'ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ' എന്ന പദ്ധതി (S0130/22) പ്രകാരം 652491/- Tata Motors ന് കൈമാറിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, ചെലവ് തുകയിൽ നിന്നും ജി. എസ് ടി റ്റി.ഡി എസ് (Taxable Amt-509758.91 ,GST -TDS-2%-10195.17) ഈടാക്കാതെ മുഴുവൻ തുകയും Tata Motors ന് കൈമാറി.

2017 ലെ CGSTAct/SGST Act സെക്ഷൻ 51(1) പ്രകാരം താഴെ പറയുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബില്ലുകളിൽ നിന്നും ടി.ഡി.എസ് നടത്തുവാൻ ബാധ്യസ്ഥരാണ്.

CGST Act 2017ലെ സെക്ഷൻ 51(1) ൽ വിതരണത്തിൽ ആകെ മൂല്യം (കരാർ തുക) 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെയേ,സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവു ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. SGST Act 2017 ലെ സെക്ഷൻ 51(1) ലും സമാനമായ വ്യവസ്ഥയുണ്ട്. ആയതിനാൽ CGST,SGST ഇനത്തിൽ 1% വീതം (ആകെ 2%) സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്.

ഭാവിയിൽ മേൽ വ്യവസ്ഥകൾക്ക് അനുസൃതമായി GST-TDS ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി 25 ന് മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര് | സുലേഖ എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടങ്കൽ | സുലേഖ എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 63/22 കേദാരം സമഗ്ര നെൽകൃഷി വികസനം | 340000 | 106250 |
| | 8/22 സ്നേഹസ്പർശം-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ | 684000 | 445875 |
| | 180/22 ലൈഫ് പദ്ധതി (എസ്.സി. ഫിഷറീസ്) അഡിഷണൽ ലിസ്റ്റ് | 500000 | 480000 |
| | 24/22 ക്ഷീര സമൃദ്ധി (പാലിന് സബ്സിഡി തുക നൽകൽ)ജനറൽ | 100000 | 27500 |
| | 25/22 ക്ഷീരസമൃദ്ധി (പാലിന് സബ്സിഡി) വനിത | 100000 | 50000 |
| | ആകെ | | 1109625 |
| ബ്ലോക്ക്പഞ്ചായത്ത് | 281/22 സുഭിക്ഷ കേരളം - പുഷ്പകൃഷി വ്യാപനം (വനിത) | 50000 | 50000 |
| | 27/22 സുഭിക്ഷ കേരളം - കിഴങ്ങുകൃഷി വ്യാപനം (വനിത) | 50000 | 50000 |
| | 8/22 സ്നേഹസ്പർശം-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ | 684000 | 669750 |
| | 9/22 അങ്കണവാടി പോഷകാഹാരം | 300000 | 200000 |
| | 180/22 ലൈഫ് പദ്ധതി (എസ്.സി. ഫിഷറീസ്) അഡിഷണൽ ലിസ്റ്റ് | 1000000 | 1000000 |

| | | | |
|---|---|---|---|
| | 25/22 ക്ഷീരസമൃദ്ധി (പാലിന് സബ്സിഡി) വനിത | 400000 | 325000 |
| | ആകെ | | 2294750 |

എ.എഫ്.എസ് പ്രകാരം

| | മുന്നിരിപ്പ് | തൻവർഷ വരവ് | തൻവർഷ ചെലവ് (സുലേഖ) | വർഷാവസാന നീക്കിയിരുപ്പ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 445881 | 1003375 | 1109625 | 339631 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3083209 | 2824750 | 2294750 | 3613209 |
| മുനിസിപ്പൽ കോർപ്പറേഷൻ വിഹിതം | 0 | 1600000 | 0 | 1600000 |

## 4-2 നിക്ഷേപ പ്രവൃർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി | ഇലക്ട്രിസിറ്റി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 15/22 | 236122 |
| 2 | കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ 128/22 | 1745048 |
| ആകെ | | | 1981170 |

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | കെ.ഡബ്ല്യൂ.എ. | ജല ജീവൻ മിഷൻ പദ്ധതിക്ക് വിഹിതം നൽകൽ 12/22 | 500000 |
| ആകെ | | | 500000 |

എ.എഫ്.എസ് പ്രകാരം

| | 2020-21 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 4937272 | 1981170 | 6918442 | 0 | 6918442 |
| കെ.ഡബ്ല്യൂ.എ | 3411755 | 500000 | 3911755 | 0 | 3911755 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം./തീയതി | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | ഉണ്ടായിരുന്ന തുക | | | തുക (തൻവർഷ ബി5 പ്രകാരം) |
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | | 1200000 * | 17638697 | 3006667 | | 15832030 |
| പ്രത്യേക ഭവന പദ്ധതി വായ്പ | 4495/DB1/ 14/ തസ്വഭവ, തീയതി 20.05.2015 | 0 | 6720000 | 1680000 | | 5040000 |

* ഗ്രാമപഞ്ചായത്തിന് 2021-22 സാമ്പത്തിക വർഷത്തിൽ ലൈഫ് വായ്പ ലഭ്യമായിട്ടില്ല. എന്നാൽ ലൈഫ് വായ്പാ ഇനത്തിൽ 12,00,000/- രൂപ ലഭ്യമായതായി വാർഷിക കണക്കുകൾ ആർ.പി. 32 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

വാർഷിക കണക്കുകൾ (ആർ.പി. 10) പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 11,158/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച മറ്റു വിശദാംശങ്ങൾ ലഭ്യമായില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3 | 2006-07 | 62,73,74 | - | - |
| 2014-15 | 3(3) | 2016-17 | 7(എ) | - | - |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 10611742 |
| ഓഡിറ്റ് വർഷത്തെ വരവ് | 120521589 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 116024974 |
| നീക്കിയിരിപ്പ് | 15108357 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19667548 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28(4) | 13735 | ശ്രീമതി.ദിവ്യ ആർ.എസ്, അക്കൗണ്ടന്റ് ശ്രീ. അനുസചേതനൻ,സെക്രട്ടറി എന്നിവർക്ക് തുല്യമായി. |
| 1-28(6) | 16019207 | ശ്രീമതി.ദിവ്യ ആർ.എസ്, അക്കൗണ്ടന്റ് ശ്രീ .അനുസചേതനൻ,സെക്രട്ടറി എന്നിവർക്ക് തുല്യമായി. |
| 1-34(1) | 1396236 | ശ്രീ. അനുസചേതനൻ, സെക്രട്ടറി |
| 1-34(1) | 40222 | ശ്രീമതി മൃദുല.എ.എസ്, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-34(1) | 2198148 | ശ്രീ.എം.ജയകുമാർ, സെക്രട്ടറി |
| ആകെ | 19667548 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനുസചേതനൻ, സെക്രട്ടറി | | റ്റി.സി 5/1903(1) PNRA F-18 അമ്പലമുക്ക് ,കവടിയാർ പി.ഒ |
| ശ്രീമതി മൃദുല.എ.എസ്, സെക്രട്ടറി ഇൻ ചാർജ്ജ് | | റ്റി.സി 15/389, CSM നഗർ, ഇടപ്പഴിഞ്ഞി |
| ശ്രീ.എം ജയകുമാർ | സെക്രട്ടറി, കല്ലിയൂർ ഗ്രാമപഞ്ചായത്ത്. | ചെമ്പകശ്ശേരിയിൽ ,ഓർക്കിഡ് വില്ല,തച്ചോട്ട്കാവ്,പേയാട്.പി.ഒ |
| ശ്രീമതി ദിവ്യ ആർ.എസ്സ്. | | സുനിൽഹൗസ്,റ്റി.സി 20/1730,തമലം,പൂജപ്പുര |

## 4.10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം /ജി.പി 5/238/2022, തീയതി 25.10.2022 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം /ജി.പി 5/238/2022, തീയതി 25.10.2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം /ജി.പി 5/238/2022, തീയതി 25.10.2022 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം /ജി.പി 5/238/2022, തീയതി 25.10.2022 | 1 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം /ജി.പി 5/238/2022, തീയതി 25.10.2022 | 5 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം /ജി.പി 5/238/2022, തീയതി 25.10.2022 | 5 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/224/2019, തീയതി 25.4.19 | 22 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/327/2020, തീയതി 2.6.2020 | 24 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/173/2022 തീയതി 19.3.2022 | 38 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം /ജി.പി 4/748/2022, തീയതി 23.6.22 | 43 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

ബി.റ്റി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള വിവിധ പിൻവലിക്കലുകളുമായി ബന്ധപ്പെട്ട ചെലവു രേഖകൾ/വൗച്ചറുകൾ പരിശോധനക്ക ലഭ്യമായില്ല

| ചെക്ക് നം | ഇടപാട് തീയതി | തുക | ബാങ്ക് അക്കൗണ്ട് |
|---|---|---|---|
| 511107 | 02.04.2021 | 12000 | കാനറാ |
| 511105 | 02.04.2021 | 150000 | കാനറാ |
| 511106 | 02.04.2021 | 230000 | കാനറാ |
| 511109 | 06.04.2021 | 40000 | കാനറാ |
| 511108 | 06.04.2021 | 270000 | കാനറാ |
| 519517 | 15.04.2021 | 19950 | കാനറാ |
| 511115 | 15.04.2021 | 29200 | കാനറാ |
| 511116 | 17.04.2021 | 101119 | കാനറാ |
| 511135 | 15.05.2021 | 1330 | കാനറാ |
| 511154 | 25.05.2021 | 1300 | കാനറാ |
| 511158 | 04.06.2021 | 35220 | കാനറാ |
| 511160 | 09.06.2021 | 10800 | കാനറാ |
| 511165 | 09.06.2021 | 486754 | കാനറാ |
| 590267 | 09.06.2021 | 826 | കാനറാ |
| 511172 | 28.06.2021 | 13068 | കാനറാ |
| 511190 | 17.08.2021 | 10000 | കാനറാ |
| 511191 | 17.08.2021 | 2750 | കാനറാ |
| 511189 | 26.08.2021 | 29635 | കാനറാ |
| 622932 | 29.09.2021 | 15500 | കാനറാ |
| 88798 | 12.04.2021 | 18750 | എസ്.ബി.ഐ. |
| 88801 | 03.05.2021 | 16500 | എസ്.ബി.ഐ. |
| 88805 | 06.05.2021 | 100000 | എസ്.ബി.ഐ. |
| 88804 | 06.05.2021 | 100000 | എസ്.ബി.ഐ. |
| 88807 | 07.05.2021 | 2000 | എസ്.ബി.ഐ. |
| 88817 | 11.06.2021 | 33180 | എസ്.ബി.ഐ. |
| 88814 | 14.06.2021 | 16860 | എസ്.ബി.ഐ. |
| 88813 | 14.06.2021 | 2000 | എസ്.ബി.ഐ. |
| 88812 | 17.06.2021 | 13599 | എസ്.ബി.ഐ. |
| 88815 | 25.06.2021 | 100000 | എസ്.ബി.ഐ. |
| 88840 | 22.09.2021 | 2000 | എസ്.ബി.ഐ. |
| 88844 | 07.10.2021 | 17010 | എസ്.ബി.ഐ. |
| 3513 | 03.04.2021 | 1000 | കെ.എസ്.സി.ബി. |
| 3467 | 03.04.2021 | 757087 | കെ.എസ്.സി.ബി. |
| 3493 | 05.04.2021 | 660 | കെ.എസ്.സി.ബി. |
| RTGS | 05.04.2021 | 42825 | കെ.എസ്.സി.ബി. |
| 3144 | 08.04.2021 | 500 | കെ.എസ്.സി.ബി. |

| | | | |
|---|---|---|---|
| 3498 | 08.04.2021 | 1500 | കെ.എസ്.സി.ബി. |
| 3476 | 09.04.2021 | 2398 | കെ.എസ്.സി.ബി. |
| 3511 | 12.04.2021 | 1531 | കെ.എസ്.സി.ബി. |
| 3480 | 12.04.2021 | 2929 | കെ.എസ്.സി.ബി. |
| 3492 | 13.04.2021 | 1000 | കെ.എസ്.സി.ബി. |
| 3486 | 13.04.2021 | 1890 | കെ.എസ്.സി.ബി. |
| 3489 | 15.04.2021 | 4436 | കെ.എസ്.സി.ബി. |
| 3447 | 20.04.2021 | 1165 | കെ.എസ്.സി.ബി. |
| 3451 | 21.04.2021 | 405 | കെ.എസ്.സി.ബി. |
| 3499 | 21.04.2021 | 1515 | കെ.എസ്.സി.ബി. |
| 3461 | 22.04.2021 | 1000 | കെ.എസ്.സി.ബി. |
| 3457 | 22.04.2021 | 2887 | കെ.എസ്.സി.ബി. |
| 3509 | 26.04.2021 | 450 | കെ.എസ്.സി.ബി. |
| 3500 | 26.04.2021 | 900 | കെ.എസ്.സി.ബി. |
| 3462 | 26.04.2021 | 1450 | കെ.എസ്.സി.ബി. |
| 3466 | 26.04.2021 | 3540 | കെ.എസ്.സി.ബി. |
| 3550 | 27.04.2021 | 1232 | കെ.എസ്.സി.ബി. |
| 3463 | 27.04.2021 | 1740 | കെ.എസ്.സി.ബി. |
| 3544 | 27.04.2021 | 2240 | കെ.എസ്.സി.ബി. |
| 5420 | 27.04.2021 | 6305 | കെ.എസ്.സി.ബി. |
| 3542 | 27.04.2021 | 11550 | കെ.എസ്.സി.ബി. |
| 2024 | 28.04.2021 | 8685 | കെ.എസ്.സി.ബി. |
| 3510 | 05.05.2021 | 1165 | കെ.എസ്.സി.ബി. |
| 2041 | 05.05.2021 | 2500 | കെ.എസ്.സി.ബി. |
| 3465 | 06.05.2021 | 10094 | കെ.എസ്.സി.ബി. |
| 2046 | 10.05.2021 | 1221 | കെ.എസ്.സി.ബി. |
| 2056 | 12.05.2021 | 2395 | കെ.എസ്.സി.ബി. |
| 2058 | 17.05.2021 | 199 | കെ.എസ്.സി.ബി. |
| 2053 | 17.05.2021 | 3200 | കെ.എസ്.സി.ബി. |
| 2062 | 20.05.2021 | 8565 | കെ.എസ്.സി.ബി. |
| 2063 | 24.05.2021 | 1200 | കെ.എസ്.സി.ബി. |
| 2068 | 26.05.2021 | 1300 | കെ.എസ്.സി.ബി. |
| 2072 | 26.05.2021 | 1460 | കെ.എസ്.സി.ബി. |
| 5418 | 26.05.2021 | 1906 | കെ.എസ്.സി.ബി. |
| 2071 | 26.05.2021 | 2900 | കെ.എസ്.സി.ബി. |
| 2073 | 28.05.2021 | 2462 | കെ.എസ്.സി.ബി. |
| 2075 | 28.05.2021 | 7000 | കെ.എസ്.സി.ബി. |
| 2067 | 28.05.2021 | 9450 | കെ.എസ്.സി.ബി. |
| 2022 | 02.06.2021 | 2920 | കെ.എസ്.സി.ബി. |
| 2287 | 04.06.2021 | 1040 | കെ.എസ്.സി.ബി. |

| | | | |
|---|---|---|---|
| 2288 | 04.06.2021 | 1350 | കെ.എസ്.സി.ബി. |
| 2289 | 04.06.2021 | 1437 | കെ.എസ്.സി.ബി. |
| 2290 | 04.06.2021 | 1515 | കെ.എസ്.സി.ബി. |
| 2284 | 04.06.2021 | 2980 | കെ.എസ്.സി.ബി. |
| 2283 | 04.06.2021 | 15855 | കെ.എസ്.സി.ബി. |
| RTGS | 04.06.2021 | 17160 | കെ.എസ്.സി.ബി. |
| RTGS | 04.06.2021 | 140236 | കെ.എസ്.സി.ബി. |
| 2291 | 07.06.2021 | 730 | കെ.എസ്.സി.ബി. |
| 2080 | 07.06.2021 | 8000 | കെ.എസ്.സി.ബി. |
| 2286 | 09.06.2021 | 261 | കെ.എസ്.സി.ബി. |
| 3464 | 09.06.2021 | 493 | കെ.എസ്.സി.ബി. |
| 2295 | 09.06.2021 | 1000 | കെ.എസ്.സി.ബി. |
| 2301 | 11.06.2021 | 500 | കെ.എസ്.സി.ബി. |
| 2292 | 14.06.2021 | 1000 | കെ.എസ്.സി.ബി. |
| 2308 | 14.06.2021 | 19060 | കെ.എസ്.സി.ബി. |
| 5404 | 16.06.2021 | 420 | കെ.എസ്.സി.ബി. |
| 2309 | 21.06.2021 | 199 | കെ.എസ്.സി.ബി. |
| 2314 | 23.06.2021 | 2639 | കെ.എസ്.സി.ബി. |
| 6251 | 25.06.2021 | 1000 | കെ.എസ്.സി.ബി. |
| 2331 | 05.07.2021 | 3000 | കെ.എസ്.സി.ബി. |
| 2344 | 07.07.2021 | 500 | കെ.എസ്.സി.ബി. |
| 2343 | 07.07.2021 | 19200 | കെ.എസ്.സി.ബി. |
| 2346 | 09.07.2021 | 8750 | കെ.എസ്.സി.ബി. |
| 3063 | 14.07.2021 | 2421 | കെ.എസ്.സി.ബി. |
| 5403 | 16.07.2021 | 700 | കെ.എസ്.സി.ബി. |
| 3067 | 16.07.2021 | 5346 | കെ.എസ്.സി.ബി. |
| 3072 | 19.07.2021 | 4050 | കെ.എസ്.സി.ബി. |
| 3065 | 20.07.2021 | 19800 | കെ.എസ്.സി.ബി. |
| 2293 | 22.07.2021 | 1000 | കെ.എസ്.സി.ബി. |
| 3080 | 26.07.2021 | 13847 | കെ.എസ്.സി.ബി. |
| 3073 | 29.07.2021 | 5360 | കെ.എസ്.സി.ബി. |
| 2076 | 03.08.2021 | 675 | കെ.എസ്.സി.ബി. |
| 3015 | 03.08.2021 | 1100 | കെ.എസ്.സി.ബി. |
| 3014 | 03.08.2021 | 16610 | കെ.എസ്.സി.ബി. |
| 5507153 | 15.04.2021 | 3000000 | എൽ.ജി.റ്റി.എസ്.ബി |
| 5507152 | 16.04.2021 | 1315577 | എൽ.ജി.റ്റി.എസ്.ബി |
| 5507143 | 21.04.2021 | 85900 | എൽ.ജി.റ്റി.എസ്.ബി |
| 5507151 | 23.04.2021 | 24520 | എൽ.ജി.റ്റി.എസ്.ബി |
| 5507150 | 23.04.2021 | 24520 | എൽ.ജി.റ്റി.എസ്.ബി |
| 5507149 | 23.04.2021 | 24520 | എൽ.ജി.റ്റി.എസ്.ബി |

| | | | |
|---|---|---|---|
| 5507148 | 23.04.2021 | 24520 | എൽ.ജി.റ്റി.എസ്.ബി |
| 5507147 | 23.04.2021 | 24520 | എൽ.ജി.റ്റി.എസ്.ബി |
| 5507146 | 23.04.2021 | 25440 | എൽ.ജി.റ്റി.എസ്.ബി |
| 5507145 | 23.04.2021 | 25440 | എൽ.ജി.റ്റി.എസ്.ബി |
| 5507144 | 23.04.2021 | 134875 | എൽ.ജി.റ്റി.എസ്.ബി |
| 5507142 | 23.04.2021 | 895740 | എൽ.ജി.റ്റി.എസ്.ബി |
| 5507154 | 23.04.2021 | 19593 | എൽ.ജി.റ്റി.എസ്.ബി |
| 5507141 | 26.04.2021 | 130500 | എൽ.ജി.റ്റി.എസ്.ബി |
| 5507156 | 04.05.2021 | 737448 | എൽ.ജി.റ്റി.എസ്.ബി |
| 5507155 | 18.05.2021 | 61630 | എൽ.ജി.റ്റി.എസ്.ബി |
| 5507157 | 07.05.2021 | 229904 | എൽ.ജി.റ്റി.എസ്.ബി |
| 5507164 | 25.05.2021 | 9721 | എൽ.ജി.റ്റി.എസ്.ബി |
| 5507162 | 25.05.2021 | 621717 | എൽ.ജി.റ്റി.എസ്.ബി |
| 5507161 | 25.05.2021 | 15805 | എൽ.ജി.റ്റി.എസ്.ബി |
| 5507163 | 25.05.2021 | 265612 | എൽ.ജി.റ്റി.എസ്.ബി |
| 5507167 | 03.06.2021 | 740954 | എൽ.ജി.റ്റി.എസ്.ബി |
| 5507165 | 03.06.2021 | 61630 | എൽ.ജി.റ്റി.എസ്.ബി |
| 5507166 | 03.06.2021 | 61630 | എൽ.ജി.റ്റി.എസ്.ബി |
| 5507169 | 07.06.2021 | 61630 | എൽ.ജി.റ്റി.എസ്.ബി |
| 5507168 | 07.06.2021 | 231425 | എൽ.ജി.റ്റി.എസ്.ബി |
| 5507172 | 01.07.2021 | 763404 | എൽ.ജി.റ്റി.എസ്.ബി |
| 5507175 | 06.07.2021 | 231425 | എൽ.ജി.റ്റി.എസ്.ബി |
| 5507199 | 08.09.2021 | 220888 | എൽ.ജി.റ്റി.എസ്.ബി |
| 5507195 | 07.09.2021 | 24100 | എൽ.ജി.റ്റി.എസ്.ബി |
| 5507197 | 01.09.2021 | 737389 | എൽ.ജി.റ്റി.എസ്.ബി |
| 5507192 | 11.08.2021 | 105000 | എൽ.ജി.റ്റി.എസ്.ബി |
| 5507191 | 06.08.2021 | 217569 | എൽ.ജി.റ്റി.എസ്.ബി |
| 5507188 | 02.08.2021 | 730335 | എൽ.ജി.റ്റി.എസ്.ബി |
| 5507401 | 17.09.2021 | 2871 | എൽ.ജി.റ്റി.എസ്.ബി |
| 5507402 | 17.09.2021 | 13284 | എൽ.ജി.റ്റി.എസ്.ബി |
| 5507175 | 06.07.2021 | 231425 | എൽ.ജി.റ്റി.എസ്.ബി |
| 5507172 | 01.07.2021 | 763404 | എൽ.ജി.റ്റി.എസ്.ബി |
| ആകെ | | 16019207 | |